## നിയമനിർമ്മാണകാര്യം

(1) 2016-ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2016-ലെ കേരള ധനകാര്യ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

(2) 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ധനകാര്യവും കയറും വകുപ്പുമന്ത്രി, അങ്ങ് സംസാരിക്കുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ സംസാരിക്കുന്നില്ല.

ചർച്ച

ശ്രീ. ജോർജ് എം. തോമസ്: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട ബില്ലിനെ ഞാൻ പിന്താങ്ങുകയാണ്. ഇത്തരം ഒരു ബില്ലിന്റെ അടിസ്ഥാനം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സാമ്പത്തിക-രാഷ്ട്രീയ നയവുമായി ബന്ധപ്പെട്ടതാണ്. ഇവിടെ വിശദീകരിക്കപ്പെട്ടതുപോലെ വിപുലമായ ജനപങ്കാളിത്തത്തോടെയുള്ള ചർച്ചയുടെയും അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും ഒരു സമാഹാരമാണ് യഥാർത്ഥത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രിക. ആ പ്രകടന പത്രികയെ പൂർണ്ണമായും സാധൂകരിക്കുന്ന വിധത്തിൽ അതിലൂന്നിനിന്നുകൊണ്ടാണ് ബഡ്ജറ്റും ധനവിനിയോഗ ബില്ലും ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ സർക്കാരിന്റെ പ്രവർത്തനം ആരംഭിച്ച് ഏതാനും ദിവസങ്ങൾ കഴിയുമ്പോൾത്തന്നെ സർക്കാരിനെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് കേരളത്തിലെ പത്രമാധ്യമങ്ങൾ മാത്രമല്ല നാളിതുവരെ ഇടതുപക്ഷ പ്രസ്ഥാനങ്ങളോട് അസ്പൃശ്യത കല്പിച്ച് അകന്നുനിന്നിരുന്ന അല്ലെങ്കിൽ സംശയദൃഷ്ടിയോടെ നോക്കിയിരുന്ന മതപുരോഹിതന്മാരും ശ്രേഷ്ഠന്മാരായിട്ടുള്ള ആളുകളും മുഖ്യമന്ത്രിയെ നേരിട്ട് കണ്ട് പൂച്ചെണ്ട് അർപ്പിച്ച് ഈ ഗവൺമെന്റിന്റെ ആദ്യ ദിവസങ്ങളെക്കുറിച്ച്

പ്രകീർത്തിക്കുകയുണ്ടായി. തൃശ്ശൂരിൽ നിന്നും പുറപ്പെടുവിക്കുന്ന കാതലിക് ചർച്ചിന്റെ മുഖമാസികയിൽ ഈ ഗവൺമെന്റിന്റെ ആദ്യ ആഴ്ചയെ പ്രകീർത്തിച്ചുകൊണ്ട് മുഖപ്രസംഗം എഴുതുകയുണ്ടായി. തുടർന്ന് കേരളത്തിലെ എല്ലാ മേഖലയിലും വൻതോതിലുള്ള ജനപിന്തുണ ആർജ്ജിച്ചുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്.

ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് ചില ചെറിയ കാര്യങ്ങൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്നും സഹായിക്കണമെന്നും ആവശ്യപ്പെടാനും വേണ്ടി ചില പുരോഹിത ശ്രേഷ്ഠന്മാർ മുഖ്യമന്ത്രിയെ കാണുകയുണ്ടായി. ഉമ്മൻ ചാണ്ടി സാർ ആയിരുന്നെങ്കിൽ വീട്ടിൽ വച്ച് സംസാരിക്കാമായിരുന്നു എന്ന് ആ പുരോഹിത ശ്രേഷ്ഠന്മാരിൽ ഒരാൾ എന്നോട് പറഞ്ഞു. നമ്മുടെ മുഖ്യമന്ത്രിയാണെങ്കിൽ ഇത് കൊടുത്തപ്പോൾ നോക്കാം എന്നേ പറഞ്ഞിട്ടുള്ളൂ. ഒരു നിരാശ. നോക്കാമെന്ന് പറയുന്നത് വീട്ടിൽ പോയി കാണുന്നതിനേക്കാൾ ഗുണമായിരിക്കുമെന്ന് ഞാൻ പറഞ്ഞു. ബഡ്ജറ്റ് അവതരിപ്പിച്ച് അടുത്ത ദിവസം ആ പുരോഹിത ശ്രേഷ്ഠൻ എന്നെ വിളിച്ച് പറഞ്ഞു, നോക്കാമെന്ന് പറഞ്ഞപ്പോൾ ഞാൻ വിചാരിച്ചു തീരെ പരിഗണിക്കുകയില്ലെന്ന്. ഉമ്മൻ ചാണ്ടി സാറിന്റെ വീട്ടിൽ പോയി നൂറുണക്കിന് ആളുകളുടെ മദ്ധ്യത്തിൽ വച്ച് നിവേദനം കൊടുത്താൽ ലഭിക്കുന്നതിനേക്കാൾ എത്രയോ അത്ഭുതപൂർവ്വമായ പിന്തുണയും സഹായവുമാണ് മുഖ്യമന്ത്രിയിൽനിന്നും ലഭിച്ചതെന്ന് ആ പുരോഹിത ശ്രേഷ്ഠൻ പിന്നീട്

പറയുകയുണ്ടായി. ചുരുക്കത്തിൽ പുരോഹിതന്മാരും മതപണ്ഡിതന്മാരും പത്രമാധ്യമങ്ങളും സാമ്പത്തിക വിദഗ്ദ്ധരുമെല്ലാം ഒരുപോലെ പ്രശംസിച്ചിട്ടുള്ള ഒന്നാണ് നമ്മുടെ പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിന് മുന്നോടിയായിട്ടുള്ള ബഡ്ജറ്റ്. ഈ ബഡ്ജറ്റ് തിരുവമ്പാടി ഉൾപ്പെടെ കോഴിക്കോട് ജില്ലയിൽ വലിയ ജനപിന്തുണയാണ് നേടിയിട്ടുള്ളത്. അതിന്റെ വിശദാംശങ്ങളിലേക്ക് പോകണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. ഈ ഗവൺമെന്റിന് ഇങ്ങനെ ജനപിന്തുണ വർദ്ധിക്കുന്നതിൽ അസൂയപൂണ്ട യു.ഡി.എഫ്. നുണകളുടെ പെരുമഴയുമായി വന്നുകൊണ്ടിരിക്കുകയാണ്.

ഇപ്പോൾ രണ്ട് ദിവസം മുമ്പ് കോഴിക്കോട് നടന്ന രണ്ടുമൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്ന്, സഖാവ് ശ്രീ. എ. പ്രദീപ്കുമാർ ഇവിടെ സംസാരിക്കുമ്പോൾ അതിനെപ്പറ്റി ഒരു സൂചന നൽകുകയുണ്ടായി. മിനിഞ്ഞാന്ന് കോഴിക്കോട് വച്ച് കോൺഗ്രസ്സിന്റെ ഒരു അവാർഡ് ദാനച്ചടങ്ങിൽ പങ്കെടുത്തുകൊണ്ട് പ്രിയപ്പെട്ട മുരളിയേട്ടൻ ഒരു പ്രസംഗം നടത്തുകയുണ്ടായി. അദ്ദേഹം വളരെ സത്യസന്ധമായി പ്രശ്നങ്ങൾ അവതരിപ്പിച്ചു. കോൺഗ്രസ് ഇനിയിപ്പോൾ പെട്ടെന്നൊന്നും വരുമെന്ന് ആരും പ്രതീക്ഷിക്കണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. ചിലർ 2021-നെ സ്വപ്നം കാണുകയാണ്. ആ സ്വപ്നം സഫലീകരിക്കാനേ പോകുന്നില്ല. ബഹുമാനപ്പെട്ട മുരളിയേട്ടൻ അങ്ങനെ പറയുമെന്ന് എനിക്ക് ഒരു വിശ്വാസവുമുണ്ടായില്ല. പക്ഷേ

ടി.വി.-യിൽക്കൂടി തത്സമയം അദ്ദേഹത്തിന്റെ പ്രസംഗം കേട്ടുകൊണ്ടിരിക്കുമ്പോൾ അത് അവിശ്വസിക്കാനും നിർവ്വാഹമില്ല. അടി കിട്ടി പാമ്പിന്റെ നട്ടെല്ല് തകർന്നതുപോലെ കോൺഗ്രസ്സിന്റെ നട്ടെല്ല് തകർന്നുപോയി എന്നാണ് അദ്ദേഹം പറഞ്ഞത്. നിയമസഭയ്ക്ക് പുറത്ത് ഒരു സമരം ചെയ്യാൻ കോൺഗ്രസ്സിന് കെൽപ്പുള്ള നേതൃത്വമില്ല. നിയമസഭയ്ക്കുള്ളിൽ നടത്തിക്കൊണ്ടിരിക്കുന്ന സമരമാണ് യഥാർത്ഥത്തിൽ കോൺഗ്രസ്സിന്റെ സമരം. അതിലുപരി സംഘടനയെ ചലിപ്പിക്കാനോ അതിനെ ഒരു സമര സംഘടനയാക്കി വളർത്താനോ കഴിവുള്ള ഒരാളുമില്ല. ശ്രീ. വി. ഡി. സതീശനാണ് അവാർഡ് വാങ്ങിക്കൊണ്ട് സംസാരിച്ചത്. ശ്രീ. വി. ഡി. സതീശൻ പറഞ്ഞത്, നേതാക്കന്മാരെല്ലാവരും ജയിക്കുമെന്ന് ഞാൻ നേരത്തെ പറഞ്ഞിരുന്നു. എന്നാൽ പാർട്ടി തോൽക്കുമെന്ന മുന്നറിയിപ്പും നൽകിയിരുന്നു. നേതാക്കന്മാർക്ക് ജയിച്ചാൽ മതി. കാലാകാലങ്ങളായി അവർ ജയിക്കുക, എം.എൽ.എ. ആകുക എന്നതല്ലാതെ പാർട്ടി ജയിക്കണമെന്ന് അവർക്ക് താല്പര്യമേയില്ല. സ്വാഭാവികമായും ശ്രീ. വി. ഡി. സതീശന്റെ നേതാവായി കേരളത്തിൽ കോൺഗ്രസ്സുകാർ ആരാണുള്ളതെന്ന് പരിശോധിക്കുമ്പോഴാണ് ബഹുമാനപ്പെട്ട പുതുപ്പള്ളി മെമ്പറെക്കുറിച്ചും ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയെക്കുറിച്ചും ഓർമ്മ വരുന്നത്. ശ്രീ. വി. ഡി. സതീശൻ കെ.പി.സി.സി.-യുടെ വൈസ് പ്രസിഡന്റാണ്. അതിനുമുകളിൽ അദ്ദേഹം നേതാവെന്ന് വിളിക്കണമെങ്കിൽ ആ തരത്തിലുള്ള ഏക മനുഷ്യൻ കെ.പി.സി.സി.

പ്രസിഡന്റും ഇപ്പോഴത്തെ പ്രതിപക്ഷ നേതാവും മാത്രമാണ്. അവരെക്കുറിച്ചാണ് ശ്രീ. വി. ഡി. സതീശൻ എന്ന കോൺഗ്രസ്സിന്റെ, കെ.പി.സി.സി.-യുടെ വൈസ് പ്രസിഡന്റ് ഒരഭിപ്രായം പറഞ്ഞത്. കോൺഗ്രസ് എത്തിനിൽക്കുന്ന ശോചനീയാവസ്ഥയെക്കുറിച്ചുള്ള ഒരു യഥാർത്ഥ ചിത്രമാണ് അതിലൂടെ വ്യക്തമാകുന്നത്.

മറ്റൊരു സംഭവം കോഴിക്കോട് ജില്ലയിൽ നടന്നിട്ടുള്ളത് മുസ്ലീം ലീഗിന്റെ ഒരു പ്രവർത്തകൻ വേളത്തുവച്ച് കൊലചെയ്യപ്പെട്ടതാണ്. ഏറ്റവും ദൗർഭാഗ്യകരമായിട്ടുള്ള ഒന്നാണത്. ആ കൊലപാതകത്തെ ഒരു തരത്തിലും ന്യായീകരിക്കാനോ നിസ്സാരമായി കാണാനോ ഞങ്ങളാരും ആഗ്രഹിക്കുന്നില്ല. കൊന്നത് എസ്.ഡി.പി.ഐ. പ്രവർത്തകരാണ്. പണ്ട് ഒരു മഹർഷി ഭസ്മാസുരന് വരം കൊടുത്തതുപോലെയാണ് എസ്.ഡി.പി.ഐ., എൻ.ഡി.എഫ്. ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങളെ തള്ളക്കോഴി കുഞ്ഞുങ്ങളെ ചിറകിനുള്ളിൽ വച്ച് സംരക്ഷിക്കുന്നതുപോലെ പോയകാലത്ത് മുസ്ലീം ലീഗ് ഇത്തരം തീവ്രവാദ സംഘടനകളെ സംരക്ഷിച്ചുകൊണ്ടിരുന്നത്. അങ്ങനെ മുസ്ലീം ലീഗിന്റെ ചെല്ലും ചെലവും വാങ്ങി അവരുടെ സംരക്ഷണയിലാണ് എസ്.ഡി.പി.ഐ.-യും എൻ.ഡി.എഫ്.-ഉം എല്ലാം വളർന്നുവന്നത്. കൊണ്ടോട്ടി പ്രദേശത്ത് സിനിമാ തിയേറ്ററുകൾ സിഗററ്റ് ബോംബ് വച്ച് കത്തിക്കുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. നൂറുകണക്കിന് പ്രതികളെ പിടിച്ചു. അവരെ ജാമ്യത്തിലിറക്കാൻ മുസ്ലീം ലീഗ്

ഉണ്ടായിരുന്നു. മലപ്പുറം ജില്ലയിൽ ഒരു പ്രതിയെ പിടിച്ച് പോലീസ് ജീപ്പിൽ കൊണ്ടുപോയപ്പോൾ വടിയും പാരയും വടിവാളുമായി ലീഗുകാർ വന്ന് പോലീസ് ജീപ്പ് തടഞ്ഞു നിർത്തി പോലീസുകാരന്റെ കണ്ണിലേക്ക് ഒരൊറ്റയേറ്. ആ പോലീസുകാരന്റെ കണ്ണ് പൊട്ടിപ്പോയി. പ്രതിയേയും കൊണ്ട് ലീഗുകാർ പോകുകയാണ്. എന്ത് സമാധാനപ്രിയരാണ് ലീഗുകാർ. സമാധാനത്തിന്റെ കാവൽ മാലാഖകളായും വെള്ളരിപ്രാവുകളായും ലീഗ് ഇപ്പോൾ ചമയുന്നത് കേട്ടാൽ പോയകാലത്തെക്കുറിച്ചെല്ലാം എല്ലാവർക്കും മറവിരോഗം ബാധിച്ചതുപോലെയാണെന്ന് തോന്നും. നാദാപുരത്തെ വേളത്ത് വച്ച് കൊലചെയ്യപ്പെട്ടത് നിസ്കരിച്ചിട്ട് പള്ളിയിൽനിന്ന് ഇറങ്ങിവരുമ്പോഴാണെന്നാണ് പറഞ്ഞത്. മൂന്ന് വർഷം മുമ്പ് കിഴുപറമ്പ പഞ്ചായത്തിലെ കുനിയിൽ എന്ന സ്ഥലത്ത് കൊളക്കാടൻ ബാപ്പൂട്ടി ഹാജിയാരുടെ രണ്ട് മക്കളെ, പള്ളിയിൽ 6.40-നുള്ള മഗ്‌രിബ് നിസ്കാരം കഴിഞ്ഞ് ഇറങ്ങവെ മിന്നൽപ്പിണർ പോലെ ചാടി ജ്യേഷ്ഠനെയും അനുജനേയും, ഒരുപോലെ വെട്ടുകയായിരുന്നു. പള്ളിയും അവരുടെ വീടും തമ്മിൽ പത്തോ ഇരുപതോ മീറ്റർ ദൂരംമാത്രമെയുള്ളൂ. ബഹുമാനപ്പെട്ട സ്പീക്കർ സാറിന് നേരിട്ട് അറിയാവുന്ന സ്ഥലമാണിത്. ബാപ്പൂട്ടി ഹാജിയാർക്ക് രണ്ടേ രണ്ട് ആൺമക്കളാണുണ്ടായിരുന്നത്. ആ കൊലപാതകത്തിലേക്ക് നയിച്ച പ്രസംഗമുണ്ട്. ആ എഫ്.ഐ.ആർ.-ൽ ചാർജ്ജ് ചെയ്ത ആറാം പ്രതി ഈ സഭയ്ക്കുള്ളിൽ ഇരിക്കുകയാണ്. അതുമാത്രമല്ല ജെയിംസ് അഗസ്റ്റിൻ മാഷിന്റെ കൊലപാതകം

നടന്നു. എന്റെ വീടിന് തൊട്ടടുത്താണ് ജെയിംസ് അഗസ്റ്റിൻ മാഷ് താമസിച്ചുകൊണ്ടിരുന്നത്. അയാൾ അവിടെ ഒരു ക്ലസ്റ്റർ മീറ്റിംഗിൽ പങ്കെടുത്തതുകൊണ്ട് അയാളെ ലീഗുകാർ ആക്രമിക്കുകയായിരുന്നു. നാഭിക്കേറ്റ ചവിട്ടിന്റെ ഫലമായി അയാൾ മരിച്ചു. അതും സ്പഷ്ടമായ കൊലപാതകമാണ്. അരീക്കോട് അങ്ങാടിയിലെ ചരിത്രമൊന്നും ആരും മറന്നുപോയിട്ടില്ല. അരീക്കോട് അങ്ങാടിയിലെ ഒരു പൊതുയോഗത്തിൽ ലീഗിന്റെ ഏറനാട് എം.എൽ.എ. പ്രസംഗിക്കുകയാണ്. 'ഏതെങ്കിലും ഒരാൾ ഇതിനെതിരെ സാക്ഷി പറഞ്ഞാൽ അവൻ തിരികെ വീട്ടിലെത്തില്ല; എന്റെ കുട്ടികൾ അത് നോക്കിക്കൊള്ളും'. സാക്ഷി പറയുന്നിടത്തുനിന്ന് യഥാർത്ഥ ദൃക്സാക്ഷികളെ മറച്ചുപിടിച്ച് അവരെ ഭീഷണിപ്പെടുത്തി ആ കൊലക്കേസിന് തുമ്പില്ലാതാക്കി. കൊളക്കാടൻ ബാപ്പുട്ടി ഹാജിയാരുടെ മക്കളെ കൊല ചെയ്യാൻ ആഹ്വാനം ചെയ്തു. മൂന്നുദിവസം മുമ്പ് അവിടെ പൊതുയോഗം വിളിച്ചുകൂട്ടി ലീഗിന്റെ നേതാക്കന്മാർ പ്രസംഗിച്ചതിന്റെ ഫലമായിട്ടാണ് ആ കൊലപാതകത്തിലേക്ക് കാര്യങ്ങൾ നീങ്ങിയത്. ഇപ്പോൾ ലീഗ് വെള്ളരിപ്രാവ് ചമഞ്ഞാൽ എങ്ങനെയാണ് ശരിയാകുക? മുസ്ലീം ലീഗ് പോകട്ടെ, മാണി സാറിനെക്കുറിച്ച് ഇന്നൊരു വാർത്ത വന്നിട്ടുണ്ട്. അദ്ദേഹം പത്രക്കാരോട് പറഞ്ഞതാണ്. നേരാണോയെന്ന് എനിക്കറിയില്ല. അദ്ദേഹം പറഞ്ഞത്, '50 വർഷമായി ഞാൻ ഇടിയേല്ക്കുകയാണ്. ഭയങ്കരമായ ഇടിയാണ്. ഈ ഓരോ ഇടി കിട്ടുമ്പോഴും ഞാൻ തഴച്ചു വളരുകയാണ്'.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, അങ്ങയുടെ സമയം തീരുകയാണ്........

ശ്രീ. ജോർജ് എം. തോമസ്: സർ, ഇപ്പോൾ തീരും. അങ്ങനെ തഴച്ചു വളരുന്നതിനിടയിൽ സ്വാഭാവികമായി അദ്ദേഹത്തിനൊരു ദർശനമുണ്ട് - 'വളരും തോറും പിളരും'. ആ പാവം, വന്ദ്യവയോധികനായ മാണി സാർ ഈ കോൺഗ്രസ്സിന്റെ ഇടി എത്രകാലമാണ് ഇങ്ങനെ സഹിക്കുന്നത്? അദ്ദേഹം കേരള കോൺഗ്രസ്സ് എന്നുപറയുന്ന പാർട്ടി രൂപീകരിക്കുന്നതിനാവശ്യമായ രാഷ്ട്രീയ പശ്ചാത്തലം ഇപ്പോഴും നിലനില്ക്കുന്നതുകൊണ്ട് ആ പാർട്ടി പിരിച്ചുവിട്ട് കഴിയുന്നത്ര ആൾക്കാർ ഞങ്ങളുടെ കൂടെ കൂടിക്കൊള്ളുക; അല്ലാത്തവർ വേറെ എവിടെയെങ്കിലും പോയി കൂടുക.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്... .പ്ലീസ് കൺക്ലൂഡ്..........

ശ്രീ. ജോർജ് എം. തോമസ്: സർ, മാണിസാറിന്റെ ഭരണകാലത്താണ് കണ്ണൂർ ജില്ലയിൽ നിന്ന് ഒരു കൃഷിക്കാരൻ വന്ന് മാണിസാറിന്റെ വീടിനുമുമ്പിൽ ആത്മഹത്യ ചെയ്തത്. മാണിസാറേ, കാലം മാറിയിരിക്കുകയാണ് തിരുത്താൻ തയ്യാറാവുക എന്ന് പറഞ്ഞുകൊണ്ട് ഈ ബില്ലിനെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ധനം വിനിയോഗിക്കുന്നത് സംബന്ധിച്ചുള്ള ചർച്ചയിൽ രാഷ്ട്രീയം പറയേണ്ട എന്ന് കരുതിയതാണ്. ഇവിടെ എസ്.ഡി.പി.ഐ.-യെക്കുറിച്ച്

ശ്രീ. ജോർജ് എം. തോമസ് പറഞ്ഞു, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എസ്.ഡി.പി.ഐ.-ക്ക് മുമ്പ് കിട്ടിയ വോട്ടുകളൊന്നും ഇപ്പോൾ കാണാനില്ല എന്ന്. അത് പൂർണ്ണമായും ഇടതുപക്ഷം വാങ്ങിയിട്ടില്ലെന്ന് പറയാൻ കഴിയുമോ? വളരെ വ്യക്തമായി ഞാൻ പറയും. എടരിക്കോട് മുൻ പഞ്ചായത്ത് പ്രസിഡന്റ് എസ്.ഡി.പി ഐ.-ൽപ്പെട്ട ഇഖ്റാമുൽ ഹക്ക് ആണ്. വൈസ് പ്രസിഡന്റ് സി.പി.ഐ.(എം)-ൽപ്പെട്ട ആളാണ്. നിഷേധിക്കാൻ ആവുമോ? കേരളത്തിൽ എവിടെയെങ്കിലും മുസ്ലീം ലീഗോ യു.ഡി.എഫോ എസ്.ഡി.പി.ഐ.-യുമായി സഖ്യത്തിൽ ചേർന്ന് ഏതെങ്കിലും പഞ്ചായത്ത് പിടിച്ചെന്ന് പറയാൻ കഴിയുമോ? വസ്തുതകൾ വളച്ചൊടിച്ച് കാര്യങ്ങൾ പറയാൻ കഴിയില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗം, വഴങ്ങുന്നുണ്ടോ?

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ വഴങ്ങുന്നില്ല. അങ്ങ് സമയം തരുമെങ്കിൽ വഴങ്ങാം. എന്റെ സമയത്തിന് നിങ്ങൾ പറയേണ്ട കാര്യമില്ല. ഇവിടെ തീവ്രവാദികളെ എതിർക്കുന്നതിൽ ശക്തമായ നിലപാട് സ്വീകരിച്ചതാണ് മുസ്ലീം ലീഗ്. ഇന്നലെ ബിരിയാണി വിളമ്പികൊടുത്തത് ആരാണ്? കൊടുക്കാതിരിക്കാൻ കഴിയില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിന് വോട്ടു വാങ്ങി, ഒരു പ്രശ്നം വരുമ്പോൾ സംരക്ഷിക്കാൻ വേണ്ടി ഒരു തീവ്രവാദിയെ വിളിച്ച് ബിരിയാണി വിളമ്പിയ സംഭവം ഇന്ത്യാ ചരിത്രത്തിലുണ്ടെങ്കിൽ അത് ഇടതുപക്ഷ ജനാധിപത്യ മുന്നണി അവർക്ക് വിളമ്പിക്കൊടുത്തത് മാത്രമേ പറയാൻ കഴിയുകയുള്ളൂ. നിങ്ങൾ പറയണം,

ഏതെങ്കിലും ഒരു ചെറിയ സംഭവം ചൂണ്ടിക്കാണിക്കാൻ കഴിയുമോ; ഒരിക്കലും നിങ്ങൾക്ക് കഴിയില്ല. ഇതുപോലെ ഒരുപാട് സംഭവങ്ങളുണ്ട്. ഇവിടെ തീവ്രവാദികളെ വളർത്തുന്നതിൽ ഏറ്റവും മുൻപന്തിയിൽ നില്ക്കുന്നത് നിങ്ങളാണ്. മഅ്ദനി വന്നപ്പോൾ അദ്ദേഹത്തിന് എല്ലാവിധ സഹായവും ചെയ്തുകൊടുത്തത് ഇവരാണ്. അവസാനം ഇറക്കി കൊണ്ടുവന്നപ്പോഴും സഹായം ചെയ്തുകൊടുത്തു. പൊന്നാനി തെരഞ്ഞെടുപ്പിൽ പറഞ്ഞു, പാർലമെന്റ് മുസ്ലീംലീഗ് കാണാത്ത പാർലമെന്റ് ആയിരിക്കുമെന്ന്. ജനങ്ങൾ അത് ഏറ്റെടുത്തു. ഈ രാജ്യത്ത് മതേതരത്വം നിലനിർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ പ്രതിജ്ഞാബദ്ധമായ ഒരു പ്രസ്ഥാനമാണ് മുസ്ലീം ലീഗ്. ന്യൂനപക്ഷങ്ങൾക്കും പിന്നോക്കക്കാർക്കും സാധാരണ ജനങ്ങൾക്കുംവേണ്ടി മതേതരത്വം ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് മുസ്ലീം ലീഗ് എന്നത് നിഷേധിക്കാനാവില്ല. ബാക്കി പിന്നെ പറയാം; തൽക്കാലം ഇത്രമതി.

ധനവിനിയോഗ ബില്ലിനെക്കുറിച്ച് പറയുമ്പോൾ, നമ്മൾ ധനം വിനിയോഗിക്കുമ്പോൾ കഴിഞ്ഞ കാലങ്ങളിൽ മാറിമാറി വന്ന ഗവൺമെന്റുകളൊക്കെയാണെങ്കിലും 50 ശതമാനത്തിൽ കൂടുതൽ തുക ചെലവഴിക്കാത്ത വകുപ്പുകളുണ്ട്. ഉദാഹരണത്തിന് ജലവിഭവ വകുപ്പ്. എന്താണ് പ്രശ്നം? 100 കോടി രൂപ കുടിവെള്ളത്തിന് കൊടുത്തു. ഈ കുടിവള്ള പദ്ധതി ആവിഷ്കരിക്കാൻവേണ്ടി സർവ്വെ നടത്താൻ ഒരുപാട് സമയം എടുക്കും. സർവ്വെ

കഴിയുമ്പോൾ ഒരു വർഷമോ ഒന്നര വർഷമോ എടുക്കും. ഒരു വർഷമെടുത്ത് സർവ്വെ നടത്തിക്കഴിഞ്ഞതിനുശേഷം ഇതിന് ടെൻഡർ കൊടുക്കും. കരാറുകാരൻ ടെൻഡർ എടുത്ത് പണി തുടങ്ങുന്ന അന്നാണ് റോഡ് കട്ടിംഗിന്റെ ഡീറ്റെയിൽസ് കൊടുക്കുന്നത്. അപ്പോൾ പി.ഡബ്ള്യു.ഡി. പറയും റെസ്റ്റൊറേഷന് ഫണ്ട് കെട്ടണമെന്ന്. റെസ്റ്റോറേഷന് ഫണ്ട് കെട്ടാൻ വേണ്ടി എസ്റ്റിമേറ്റ് കൊടുക്കാൻ പിന്നെയും ഒരുപാട് സമയം എടുക്കും. ആ ഫണ്ട് പി.ഡബ്ല്യു.ഡി.-ക്ക് അനുവദിച്ചാൽ പി.ഡബ്ല്യു.ഡി. റെസ്റ്റൊറേഷനുവേണ്ടി എല്ലാകാര്യങ്ങളും ഏർപ്പാട് ചെയ്തശേഷമേ പെർമിഷൻ കൊടുക്കുകയുള്ളൂ. അപ്പോഴേക്കും റബ്ബറൈസ്ഡ് ചെയ്യേണ്ട റോഡ് റബ്ബറൈസ്ഡ് ചെയ്തിട്ടുണ്ടാകും, കട്ടിംഗിന് ജനങ്ങൾ അനുവദിക്കുകയുമില്ല. ഇങ്ങനെയുള്ള ഒരുപാട് പ്രശ്നങ്ങളുള്ളതുകൊണ്ട് ഒരു കാര്യം ഞാൻ പറയാം, പി.ഡബ്ല്യു.ഡി.-യും വാട്ടർ അതോറിറ്റിയും തമ്മിൽ ഒരു കോ-ഓർഡിനേഷൻ ഉണ്ടാകണം. കാരണം രണ്ട് വിഷയങ്ങളാണുള്ളത്, ടെൻഡർ ചെയ്ത വർക്കാണെങ്കിൽപ്പോലും, റോഡ് കട്ടിംഗിനുമുൻപ് റബ്ബറൈസ് ചെയ്തുകഴിഞ്ഞാൽ റസ്റ്റൊറേഷൻ വർക്കിന് രണ്ടാമത് പണം കൊടുക്കേണ്ടതായിട്ടുള്ള വിഷയം വരുന്നില്ല. അതിനുവേണ്ടി ചെയ്യാൻ കഴിയുന്ന ഒരു കാര്യം, വാട്ടർ അതോറിറ്റി ടെൻഡർ ചെയ്യുമ്പോൾ, പണം അനുവദിക്കുമ്പോൾ റെസ്റ്റൊറേഷൻ വർക്കുകൂടി ഈ കുഴിക്കുന്ന കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽപ്പെടുത്തുകയാണെങ്കിൽ ഈയൊരു പ്രശ്നം ഒഴിവാക്കാൻ കഴിയും. ഒരുപാട് പണം ലാഭിക്കാനും കഴിയും. അല്ലെങ്കിൽ

റബ്ബറൈസ് ചെയ്യുന്നു; വീണ്ടും കുഴിക്കുന്നു; രണ്ടാമത് റെസ്റ്റോർ ചെയ്യാൻ കഴിയാത്ത അവസ്ഥ വരുന്നു. ഈ വലിയൊരു നഷ്ടം കൊണ്ട് കുടിവെള്ള പദ്ധതി ആവിഷ്കരിച്ചാൽ നിസ്സാരമായ ഒരു പൈപ്പ് ലൈൻ കൊടുക്കാത്തതിന്റെ പേരിൽ വർക്ക് നീണ്ടുപോകുന്നു. ഈ ഫണ്ട് വിനിയോഗിക്കാൻ കഴിയുന്നില്ല. ഈ പ്രശ്നം പരിഹരിക്കാൻവേണ്ടി പി.ഡബ്ല്യു.ഡി.-യും വാട്ടർ അതോറിറ്റിയും തമ്മിൽ ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കി ധനകാര്യവകുപ്പുമായി ഒരു നീക്കുപോക്കുണ്ടാക്കണം. രണ്ടാമത്തെ വിഷയം, ഇവിടെ ഏതെങ്കിലും ഫണ്ടിൽ ഷോർട്ടേജ് വരുമ്പോൾ നികുതി വർദ്ധിപ്പിച്ച് പണം സമാഹരിക്കുന്നു. ഈ പണം കൊണ്ട് ആർക്കാണ് ഗുണം? ഇവിടെ എപ്പോഴും ഒരു കരാറുകാരൻ ടെൻഡർ എടുത്തുകഴിഞ്ഞാൽ എല്ലാവർഷവും ഷെഡ്യൂൾഡ് റിവൈസ് ഉള്ളതുകൊണ്ട് റിവൈസിനുവേണ്ടി കാത്തുനിൽക്കും. എങ്ങനെയെങ്കിലും വർക്ക് കിട്ടാൻവേണ്ടി below-ക്ക് ടെൻഡർ വിളിച്ചെടുക്കും. അങ്ങനെ below-ക്ക് വിളിച്ചെടുത്തുകഴിഞ്ഞാൽ എഗ്രിമെന്റ് വയ്ക്കുകയില്ല. കോൺട്രാക്ടർ കാത്തിരിക്കും. അങ്ങനെയാവുമ്പോൾ ഒരു വർഷം കഴിഞ്ഞ് റിവൈസ് ചെയ്യുമ്പോൾ ആ റിവൈസ് ചെയ്ത റേറ്റ് എനിക്ക് കിട്ടണമെന്ന് പറഞ്ഞ് ഇദ്ദേഹം വീണ്ടും സമീപിക്കും. അപ്പോൾ റിവൈസ് ചെയ്തു കൊടുക്കും. അങ്ങനെയുള്ള പ്രശ്നങ്ങൾകൊണ്ട് ജനങ്ങൾക്ക് കിട്ടേണ്ട ആ റോഡിന്റെ പണം ഇരട്ടിയോ അതിൽ ഇരട്ടിയോ ആകും. ചില പാലങ്ങൾക്ക് കിട്ടുന്നത് അഞ്ചിരട്ടി ആറിരട്ടി പണമാണ്. ആറുകോടി രൂപയ്ക്ക് ടെൻഡർ ചെയ്യേണ്ട ഒരു പാലം

മൂന്നാമത്തെ വർഷം ആകുമ്പോഴേക്കും 15 കോടി രൂപയിലേക്ക് ടെൻഡർ ചെയ്ത് പോകുന്ന അനുഭവമുണ്ട്. അതുകൊണ്ട് ഈ നാട്ടിലെ ജനങ്ങളുടെ നികുതി പിരിച്ച് ഒന്നായി പണം വാങ്ങി ഇങ്ങനെ മറ്റുമേഖലകളിൽ പോകുന്നത് തടയാൻ തീർച്ചയായും ഈ ചെലവഴിക്കുന്ന കാര്യത്തിൽ, ടെൻഡർ കൊടുക്കുന്ന കാര്യത്തിൽ, അനാവശ്യമായ കാലതാമസം കൊണ്ട് മുന്നോട്ടുപോകുന്ന കാര്യത്തിൽ വ്യക്തമായ ഒരു കാഴ്ചപ്പാട് വേണം. ഇക്കാര്യത്തിൽ എന്തുനടപടിയാണ് കഴിഞ്ഞ കാലത്ത് സ്വീകരിച്ചത്? മാറിമാറി വരുന്ന എല്ലാ ഗവൺമെന്റുകളും ഒരു പ്രത്യേക ലോബിയായി പ്രവർത്തിക്കുകയായിരുന്നു. അതുകൊണ്ട് above, below വിളിച്ച് പിന്നെ റിവൈസ് ചെയ്ത് above ആക്കി പിന്നെ കൂട്ടിക്കൂട്ടി കൊണ്ടുപോയി കാലതാമസം വരുത്തി നഷ്ടപ്പെട്ടു പോകുന്ന അവസ്ഥ ഒഴിവാക്കി, നമ്മുടെ ഈ ധനം വിനിയോഗിക്കുമ്പോൾ നീതിയുക്തമായി ജനങ്ങൾക്കുവേണ്ടിയാണെന്നുള്ള കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗബില്ലിനെ എതിർ<u>ത്തു</u>കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ</u>: സർ, 2016-17-ലെ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റ് പ്രസംഗം അവസാനിക്കുന്നിടത്ത് ഒ.എൻ.വി. കവിതകളുടെ വരികളാണുണ്ടായിരുന്നത്. 'നമ്മൾ ജയിക്കും

ജയിക്കുമൊരുദിനം' എന്ന നിശ്ശബ്ദരാക്കപ്പെട്ട മനുഷ്യരുടെ പ്രത്യാശ ആ വരികളിൽ മുഴങ്ങിയിരുന്നു. മലയാള കവിതയുടെ സർഗ്ഗാത്മകതയുടെ പ്രതീകമായിരുന്നു ഒ.എൻ.വി. കുറുപ്പ് എന്ന് നമുക്കെല്ലാവർക്കും അറിയാം. അതേസമയം, ഡോ. ടി. എം. തോമസ് ഐസക് കേരളത്തിന്റെ വികസനത്തിന് ധീരമായ ഒരായിരം വഴികൾ തുറന്നിട്ടുകൊണ്ട് ബഡ്ജറ്റിൽ സർഗ്ഗാത്മകത നിറയ്ക്കുകയായിരുന്നുവെന്ന് ഇപ്പോൾ കേരളം മുഴുവൻ പറയുകയാണ്. കേരള ജനത മറക്കാൻ ഇഷ്ടപ്പെടുന്ന ഒരു ഭരണ കാലയളവാണ് കഴിഞ്ഞുപോയത്. ഭീതിതമായ സാമ്പത്തിക തകർച്ചയാണ് യു.ഡി.എഫ്. ഭരണം ഉണ്ടാക്കി വച്ചത്. അഴിമതിയുടെ ഉത്രാടച്ചന്തയായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. ഭരണം. അതുമാത്രമല്ല, പിരിച്ചെടുക്കേണ്ട നികുതികൾപോലും പിരിച്ചെടുക്കാൻ തയ്യാറാകാതെ ഭരണത്തിൽ പിടിയുള്ളവർ അടിച്ചുമാറ്റിയ 23900 കോടി രൂപയുടെ നികുതി ബാധ്യത ഈ സംസ്ഥാനത്തെ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ച ഒരു ഗവൺമെന്റാണ്. ഈ സാഹചര്യത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ 'അഴിമതിമുക്ത വികസിത കേരളം' എന്ന മുദ്രാവാക്യം ഈ ബഡ്ജറ്റിലൂടെ നമ്മുടെ മുൻപിൽ എത്തി നിൽക്കുന്നത്. എൽ.ഡി.എഫ്. പ്രകടന പത്രികയിൽ ഉയർത്തിപ്പിടിച്ച വാഗ്ദാനങ്ങൾ ഒന്നൊന്നായി പാലിക്കുന്നതിനുള്ള ചുവടുവയ്പാണ് ബഡ്ജറ്റിൽ നടക്കുന്നത്. 5 വർഷം കൊണ്ട് 5 ലക്ഷം പേർക്ക് തൊഴിൽ എന്ന എൽ.ഡി.എഫ്-ന്റെ പ്രഖ്യാപിത ലക്ഷ്യം, ടൂറിസം മേഖലയിൽ 750 കോടി രൂപയും, ഐ.റ്റി. മേഖലയിൽ 1325 കോടി രൂപയും വകയിരുത്തുമ്പോൾ

ദൃശ്യമാകുന്നുണ്ട്. 1500 സ്റ്റാർട്ട് അപ്പുകളാണ് ആരംഭിക്കാനിരിക്കുന്നത്. വ്യവസായ ഇടനാഴികളും ക്ലസ്റ്ററുകളും ലക്ഷക്കണക്കിന് തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാൻ സഹായിക്കുന്ന ഒരു ബഡ്ജറ്റാണിതെന്ന് ഏറെ വ്യക്തമാണ്. വളരെ ദീർഘവീക്ഷണത്തോടെയാണ് വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ഈ ബഡ്ജറ്റ് രൂപംകൊടുത്തിട്ടുള്ളത്. പൊതുമേഖലയെ മുറിച്ചുതുക്കി വിൽക്കുന്ന സമ്പൂർണ്ണ വാണിജ്യവൽക്കരണമാണ് വിദ്യാഭ്യാസ മേഖലയെ രക്ഷിക്കാൻ യു.ഡി.എഫ്. കണ്ടുവച്ചിരുന്ന മാർഗ്ഗം. മിഷൻ 2030 അതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവാണ്. ആ സമീപനത്തെ പാടെത്തള്ളിക്കൊണ്ടാണ് ഓരോ മണ്ഡലത്തിലെയും ഓരോ സർക്കാർ സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനുള്ള പദ്ധതി ഈ ബഡ്ജറ്റിൽ ആവിഷ്കരിക്കുകയും അതിനായി 1000 കോടി രൂപ മാറ്റി വയ്ക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നത്. അങ്ങനെ കേരളത്തിൽ ആകമാനം 140 നടക്കാവ് സ്കൂളുകളാണ് തുറക്കാനിരിക്കുന്നത്. ഒരു കാര്യംകൂടി കൂട്ടിചേർക്കട്ടെ, ഉറപ്പായും ഈ 140 സ്കൂളുകൾ ഉണ്ടാക്കുമ്പോൾതന്നെ അതിനോട് ബന്ധപ്പെട്ട കൂടുതൽ സൗകര്യങ്ങൾ പ്രത്യേകിച്ച് അതിനുള്ള സിലബസും ആക്ടിവിറ്റീസും അധ്യാപകർക്കുൾപ്പെടെ ഉണ്ടാക്കാനുള്ള ശ്രദ്ധകൂടി ഉണ്ടാകണം. അതിനുള്ള പരിപാടികൾ ഉണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്തിന്റെ ഓരോ ചില്ലിക്കാശും ചെലവിടുമ്പോൾ അതെങ്ങനെ സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും ജീവിതം മെച്ചപ്പെടുത്തുമെന്ന ഗാന്ധി

വചനവും ഈ ബഡ്ജറ്റിൽ ഏറെ ദൃശ്യമാണ്. ഗാന്ധിജിയെ എന്നേ മറന്നുപോയവർ, മാർക്സിന്റെയും ഏംഗൽസിന്റെയും ചിത്രം പാർട്ടി ഓഫീസിൽ ഇല്ലായെന്ന് വിലപിക്കുന്നവരുടെ യുക്തിഭദ്രത ജനം ചോദ്യം ചെയ്യുക തന്നെ ചെയ്യും. പെൻഷൻ ആവശ്യമുള്ളവർക്കെല്ലാം വീട്ടിൽ എത്തിച്ചു കൊടുക്കാൻ, പെൻഷൻ തുക 1000 രൂപയാക്കാൻ, ഒരു മാസത്തെ പെൻഷൻ അഡ്വാൻസായി കൊടുക്കാൻ, 60 വയസ്സ് തികഞ്ഞ തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷൻ നൽകാൻ, അഞ്ചുവർഷത്തിലേറെയായി ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്ക് പെൻഷൻ നൽകാനൊക്കെ ലക്ഷ്യമിടുന്ന ഈ ബഡ്ജറ്റ് പാവപ്പെട്ടവർക്ക് നൽകുന്ന ആശ്വാസം എത്രത്തോളമാണെന്ന് പ്രത്യേകം പറയേണ്ടതില്ല. വളരെ നൂതനമായ നികുതി നിർദ്ദേശങ്ങളുള്ള അഴിമതി വിമുക്തമാക്കാൻ ലക്ഷ്യമിടുന്ന ഈ ബഡ്ജറ്റിനെ പ്രതിപക്ഷം എതിർക്കുന്നത് അവർ പ്രതിപക്ഷമാണെന്ന് നമ്മളെ ഓർമ്മിപ്പിക്കാൻ വേണ്ടി മാത്രമാണെന്ന് കരുതുന്നു. രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജും പ്രീ-ഫാബ്രിക്കേറ്റഡ് വീടുനിർമ്മാണവും ധനകാര്യ വകുവകുപ്പുമന്ത്രി എല്ലാ വകുപ്പുകളിലും അധികാരം കവരുന്നുവെന്നുമുള്ള വാദഗതിയുമൊക്കെ നമുക്കറിയാം. സർവ്വരാലും അംഗീകരിക്കപ്പെടുന്ന ഒരു ബഡ്ജറ്റിന്റെ ശോഭ കെടുത്താനുള്ള പ്രതിപക്ഷത്തിന്റെ ആസൂത്രിതമായ നീക്കം മാത്രമാണെന്ന് മനസ്സിലാക്കാൻ വലിയ പ്രയാസം ഉണ്ടാകുകയില്ല. സാമ്പത്തിക ഞെരുക്കം ഉണ്ടെങ്കിലും നാട്ടിലെ സാധാരണക്കാരോട് ഇടതുപക്ഷ ജനാധിപത്യമുന്നണി വാക്കുപാലിക്കുകയാണ്. ഈ

സർക്കാർ എല്ലാപേർക്കും വീട്, വൈദ്യുതി, കക്കൂസ് എന്നിവ യാഥാർത്ഥ്യമാക്കുകയാണ്. പൊതു വിദ്യാലയങ്ങളുടെയും ആശുപത്രികളുടെയും ഗുണനിലവാരം ഉയർത്താനുള്ള പദ്ധതി കൂടിയാകുമ്പോൾ സമ്പൂർണ്ണ സാമൂഹ്യ സുരക്ഷാ പദ്ധതിയായി ഈ ബഡ്ജറ്റ് മാറുകയാണ്. ബഡ്ജറ്റിന്റെ ഓരോ അധ്യായത്തിലും ആരംഭത്തിലുമൊക്കെ ഉദ്ധരിക്കപ്പെടുന്ന ശ്രീനാരായണഗുരു സൂക്തങ്ങൾ ഈ ബഡ്ജറ്റിന്റെകൂടി തത്വശാസ്ത്രമാകുകയാണ്. കേരളീയരുടെ സമസ്തസുന്ദരമായ നല്ല നാളെയുടെ പ്രതീകമായ ഓണം കടന്നുവരുന്നത് ഞങ്ങളെപ്പോലെയുള്ള സാധാരണ ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് ഇമ്പമാർന്ന കൈക്കൊട്ടി കളികളിലൂടെയാണ്. നമ്മുടെ പ്രിയപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റ് അവതരിപ്പിച്ച സമയത്ത് ഇടയ്ക്കിടെ കൈകൊട്ടുമ്പോൾ വരാൻ പോകുന്ന സുശക്തമായ അഴിമതി വിമുക്ത മതനിരപേക്ഷ കേരളത്തിന്റെ കേളി കൊട്ടായാണ് ഞങ്ങൾ അതിനെ കാണുന്നത്. കേരളത്തിലെ സകലമാന ജനങ്ങളുടെയും മനസാക്ഷിയും പിന്തുണയും സ്നേഹവുമെല്ലാം ഈ ബഡ്ജറ്റിൽ ഉണ്ട്. ഉറപ്പായും ഈ ബഡ്ജറ്റ് പരാജയപ്പെടാൻ അനുവദിക്കാതെ ഏറ്റവും ശക്തിയായും ഭംഗിയായും മുന്നോട്ടുകൊണ്ടുപോകേണ്ടതാണ്. കേരളത്തിന്റെ വികസനത്തിൽ വലിയ കുതിച്ചുചാട്ടം ഉണ്ടാക്കാൻ സഹായിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ഒരു കാര്യം കൂടി സൂചിപ്പിച്ച് അവസാനിപ്പിക്കാം. കയ്പമംഗലം മണ്ഡലത്തിന് അദ്ദേഹം നൽകിയ എല്ലാ സംഖ്യകൾക്കും ഞാൻ പ്രത്യേകമായി നന്ദി

പറയുന്നു. ഒപ്പം തന്നെ കടൽത്തീരം ഏറ്റവും കൂടുതലുള്ള ഒരു മണ്ഡലം എന്ന നിലയിൽ (ഏകദേശം 15 കിലോമീറ്ററോളം ദൂരമുള്ള കടൽപ്പുറം) പ്രകൃതിക്ഷോഭങ്ങൾ വന്നാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങാൻ കഴിയുന്ന രീതിയിലുള്ള പദ്ധതികൾ കൂടി ഉണ്ടാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽ കൂടി ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾക്കിടയിൽ വികസന പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് ഗവൺമെന്റ് വിവിധ പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ അടിസ്ഥാന സൗകര്യവികസന രംഗത്ത് ലക്ഷ്യം വച്ചിരിക്കുന്ന പദ്ധതികളിലെ കാലതാമസം ഒഴിവാക്കി പൂർത്തിയാക്കുന്നതിന് പ്രത്യേകം മുൻഗണന നൽകുകയെന്നുള്ളത് അത്യന്താപേക്ഷിതമായിരിക്കുകയാണ്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ കാലങ്ങളോളം നീണ്ടുപോകുന്നതിലൂടെ കോടിക്കണക്കിന് രൂപ സംസ്ഥാനത്തിന്റെ പൊതുഖജനാവിൽ നിന്നും നഷ്ടം വരുന്നതിനെക്കുറിച്ചും അനാവശ്യമായ അധിക ബാധ്യതകൾ ഏറ്റുവാങ്ങുന്നതിനെക്കുറിച്ചും ബഹുമാനപ്പെട്ട പല അംഗങ്ങളും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ധനവിനിയോഗത്തിൽ ഫലപ്രദമായിട്ടുള്ള ശ്രദ്ധയും ഇടപെടലും ഗവൺമെന്റും വിവിധ വകുപ്പുകളും കാര്യക്ഷമതയോടെ

നിർവ്വഹിക്കപ്പെടേണ്ടതുണ്ട്. പൊതുമരാമത്ത് വകുപ്പിൽ ഇപ്പോൾ ചെങ്ങന്നൂർ, കോട്ടയം, മൂവാറ്റുപുഴ എം.സി. റോഡിന്റെ പണികൾ നടക്കുന്നു. തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള റോഡ് നിർമ്മാണം പൂർത്തീകരിച്ചത് വിലയിരുത്തുമ്പോൾ നമുക്കറിയാം, കൂടുതൽ ബാധ്യതകൾ ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ട്. പക്ഷെ കാലങ്ങളോളം നീണ്ടുപോയപ്പോഴാണ് അങ്ങനെ സംഭവിച്ചത്. അതുകൊണ്ട് റോഡ് നിർമ്മാണമടക്കമുള്ള കാര്യങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിന് മുൻഗണന കൊടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെതന്നെ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് അടക്കമുള്ള കാര്യങ്ങൾ പൂർത്തിയാക്കുന്നതിന് ശ്രദ്ധ കൊടുക്കുകയെന്നുള്ളതുമാണ്. മഴക്കാലത്ത് റോഡുകൾ തകരുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ എല്ലാ വർഷവും ഉണ്ടാകുന്നു. ഇപ്രാവശ്യവും അറ്റകുറ്റപണികൾക്ക് ഗവൺമെന്റ് കൊടുത്തിരിക്കുന്ന തുക അപര്യാപ്തമാണെന്നാണ് ശ്രദ്ധയിൽപ്പെ ടുത്താനുള്ളത്. കാരണം എങ്ങനെ ഇക്കാര്യങ്ങൾ നടത്തുമെന്ന് വിലയിരുത്തുമ്പോൾ കൂടുതൽ തുക ആവശ്യമാണ്. ഒരു കാര്യം കൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. 01.01.2016 മുതൽ സാംഗ്ഷൻ കൊടുത്ത എല്ലാ വർക്കുകളും നിർത്തിവയ്ക്കാൻ പി.ഡബ്ല്യു.ഡി.-ക്ക് ഗവൺമെന്റ് നിർദ്ദേശം കൊടുത്തുവെന്നാണ് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ അടക്കമുള്ള ഉദ്യോഗസ്ഥർ പറയുന്നത്. എല്ലാ ഡിവിഷനുകളിലും വിളിച്ച ചോദിച്ചപ്പോഴും 01.01.2016-നുശേഷമുള്ള ഒരു വർക്കും ഭരണ-പ്രതിപക്ഷ ഭേദമന്യേ

ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ്.

മി. സ്പീക്കർ: സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്...

ശ്രീ. മോൻസ് ജോസഫ്: സർ, ഒരു സെക്കൻഡുകൂടി തരണം. പൊതുമരാമത്ത് വകുപ്പുതലത്തിൽ പരിശോധനയോ വിലയിരുത്തലോ നടന്നോട്ടേ. ഗവൺമെന്റ് നല്ല കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നുവെന്ന് പറയുമ്പോൾതന്നെ ഒരു ഭാഗത്ത് എല്ലാം നിർത്തി വയ്ക്കാൻ പറഞ്ഞാൽ നമ്മുടെ റോഡുകളെല്ലാം കൂടുതൽ കുളമാകുകയേയുള്ളൂ. ഇരട്ടി നഷ്ടം സംസ്ഥാനത്തിന് വരാൻ പോകുകയാണ്. അതുകൊണ്ട് അറ്റകുറ്റപ്പണികൾ നടത്താൻ കഴിയണം. അതുപോലെ എന്റെ മണ്ഡലത്തിൽ തന്നെ 5 റോഡുകൾ നവീകരിക്കേണ്ടവയാണ്. അതിന് വർക്ക് ടെണ്ടർ ചെയ്തു, എഗ്രിമെന്റ് വച്ചു. വർക്ക് ആരംഭിക്കേണ്ട സമയത്ത് സ്റ്റോപ്പ് ചെയ്തിരിക്കുകയാണ്. എല്ലാ സ്ഥലത്തും എല്ലാ ഡിവിഷനുകളിലെയും വർക്ക് സ്റ്റോപ്പ് ചെയ്തിരിക്കുകയാണ്. ഇത് പരിശോധിക്കണം. ഇക്കാര്യത്തിൽ ഗവൺമെന്റിന് പരിശോധിക്കാമെങ്കിൽ പരിശോധിക്കാം. പക്ഷെ റോഡ് നന്നാക്കാനുള്ള സാഹചര്യങ്ങൾ സംസ്ഥാനത്തൊട്ടാകെ ആവശ്യമാണ്. അത് പരിഹരിക്കുന്നതിന് ഗവൺമെന്റിന്റെ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ധനവിനിയോഗ ബിൽ ആയതുകൊണ്ട് ഒരു കാര്യം കൂടി ഞാൻ ചൂണ്ടിക്കാണിക്കട്ടെ, പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് കുടിശ്ശിക കൊടുക്കാൻ കഴിയാത്ത സാഹചര്യം ഇവിടെ ഉണ്ടായി. കാരണം കേന്ദ്രഗവൺമെന്റ് വാഴയ്ക്ക് നൂറ് രൂപ നഷ്ടപരിഹാരം

കൊടുക്കുന്നത് മൂന്ന് രൂപയാക്കി കുറച്ചപ്പോൾ കേരളത്തിൽ വലിയ ആശങ്കയുണ്ടായി. എന്നാൽ സംസ്ഥാന ഗവൺമെന്റ് ആ നൂറു രൂപയും കൊടുക്കാനുള്ള തീരുമാനം കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് കൈക്കൊണ്ടു. പിന്നീട് ഇലക്ഷൻ പ്രഖ്യാപിച്ചപ്പോൾ ആ പണം കൊടുക്കാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയും കൃഷിവകുപ്പുമന്ത്രിയും നേതൃത്വം കൊടുത്തുകൊണ്ട് പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് കൊടുത്തു തീർക്കാനുള്ള പണം കൊടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ആത്മാർത്ഥമായ നടപടികൾ സ്വീകരിക്കണമെന്ന് സൂചിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ വികസനരംഗത്ത് വിവിധങ്ങളായ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പരിശ്രമമുണ്ടാകണമെന്നതാണ് നമ്മുടെയെല്ലാം ആഗ്രഹം. അതിന് കഴിയാത്ത സാഹചര്യത്തിൽ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. സമീപകാലത്തെങ്ങും ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ കേരളത്തിലെ ജനങ്ങൾ ഇത്രയും സന്തോഷിച്ചിട്ടുണ്ടാകില്ല. ഓരോ നിയോജകമണ്ഡലങ്ങളിലും വളരെ വർഷങ്ങളായി പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ കണ്ടറിഞ്ഞ് അത് പരിഹരിക്കാനുള്ള തീരുമാനമെടുത്ത ഒരു ബഡ്ജറ്റാണിത്. എന്റെ മണ്ഡലത്തിലെ ഒരു ആശുപത്രിയെ ജില്ലാശുപത്രിയാക്കി. പക്ഷേ കഴിഞ്ഞ അഞ്ച് വർഷമായി അവിടെ ആവശ്യമായ ഡോക്ടർമാരുടേയോ നഴ്സുമാരുടെയോ എണ്ണം വർദ്ധിപ്പിക്കാൻ

സാധിച്ചിട്ടില്ല. പി.ഡബ്ല്യൂ.ഡി.യിലും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലും പഞ്ചായത്തുകളിലും ഉദ്യോഗസ്ഥരുടെ എണ്ണം കുറഞ്ഞുവരികയാണ്. ഇക്കാര്യം പ്രത്യേകം പരിശോധിച്ച് ആവശ്യമുള്ള ഉദ്യോഗസ്ഥരെ, പ്രത്യേകിച്ച് എഞ്ചിനീയർമാരെ നിയമിച്ചാൽ, ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ച പദ്ധതികളെല്ലാം കൃത്യസമയത്തുതന്നെ നടപ്പിലാക്കാൻ സാധിക്കും. അല്ലെങ്കിൽ കുറച്ച് കഴിയുമ്പോൾ ചില പദ്ധതികൾ റിവൈസ് ചെയ്യേണ്ടിവരും. വടകര മണ്ഡലത്തിൽ എം.എൽ.എ. എന്ന നിലയിൽ ഞാൻ ഇത് അനുഭവിക്കുന്നതാണ്. ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് എനിക്ക് കഴിഞ്ഞ അഞ്ച് വർഷം അനുഭവപ്പെട്ടതാണ്. കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽവന്ന ആദ്യത്തെ മൂന്നാം മാസത്തിൽ ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ച പദ്ധതികൾ റിവൈസ് ചെയ്തുതരുമെന്ന് പറഞ്ഞെങ്കിലും അഞ്ച് വർഷംകഴിഞ്ഞും നടപ്പിലാക്കാൻ സാധിച്ചില്ല. ഇക്കാര്യം പ്രത്യേകം പരിശോധിക്കേണ്ടതാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതെല്ലാം വിലയിരുത്തുമെന്ന് എനിക്ക് തോന്നുന്നു. ഒരു വർഷം കഴിയുമ്പോൾ കേരളത്തിലെ ജനങ്ങളുടെ മുമ്പാകെ പ്രഖ്യാപിച്ച പദ്ധതികളുടെ പത്തോ ഇരുപതോ ശതമാനം വർക്ക് നടന്നില്ലെങ്കിൽപോലും അതിന്റെ ബഹുഭൂരിഭാഗവും നടന്നുവെന്ന് ബോദ്ധ്യപ്പെടുത്താൻ സാധിക്കുന്ന രൂപത്തിലായിരിക്കും ഗവൺമെന്റിന്റെ പ്രവർത്തനം.

മറ്റൊരു കാര്യം പറയാനുള്ളത്, അടിയന്തരപ്രമേയം അവതരിപ്പിച്ച

അവസരത്തിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെയുണ്ടായ സംഭവങ്ങളെ വസ്തുതാപരമായി നൂറ് ശതമാനം അംഗീകരിച്ചുകൊണ്ടും സംഭവത്തെ അപലപിച്ചുകൊണ്ടും ഫലപ്രദമായ നടപടികൾ സ്വീകരിക്കുമെന്നുള്ള നിലയ്ക്ക് മാത്രമാണ് മറുപടി പറഞ്ഞത്. ആ രൂപത്തിൽ തന്നെ അതിനെ കാണാൻ സാധിക്കാത്ത വിധത്തിലുള്ള നിലപാട് ചില സുഹൃത്തുക്കൾ സ്വീകരിച്ചതിൽ എനിക്ക് ഖേദമുണ്ട്. ഇത്തരത്തിലുള്ള സംഭവങ്ങളുണ്ടാകുമ്പോൾ മുഖ്യമന്ത്രി വളരെ ഫലപ്രദമായി നേരിടുമെന്ന് പറയുകയും അതിനുള്ള നടപടികൾ സംബന്ധിച്ച് പറയുകയും ചെയ്താൽ ഒരുദിവസമെങ്കിലും അദ്ദേഹത്തെ വിശ്വസിക്കാൻ സന്നദ്ധത കാണിക്കണമന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, എനിക്ക് ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കണമെന്ന് ആഗ്രഹമുണ്ട്. 'സഖാവ് പിണറായി വിജയൻ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തിട്ടില്ല' എന്ന ക്രമപ്രശ്നം ഇന്ന് രാവിലെ ഞാൻ ഉന്നയിച്ചിരിക്കുകയാണ്. അദ്ദേഹം നിയോഗിച്ച ധനകാര്യ വകുപ്പുമന്ത്രിയുടെ ധനവിനിയോഗബില്ലിനെ ഇന്ന് ഒരു ദിവസത്തേയ്ക്ക് അനുകൂലിക്കാൻ പറ്റില്ലല്ലോ? അതുകൊണ്ട് എതിർക്കാതെ നിവൃത്തിയില്ല. ക്രമപ്രശ്നം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ നൽകിയ റൂളിംഗ് ....

<u>മി. സ്പീക്കർ</u>: അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ പാടില്ല.

<u>ശ്രീ. പി.സി. ജോർജ്</u>: അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ പാടില്ലെന്ന്

എനിക്കറിയാം, ഞാൻ അതിലേയ്ക്ക് വരുന്നുണ്ട്. ഇത് അക്കാദമിക് ഇന്ററസ്റ്റിനുവേണ്ടി പറയുന്ന കാര്യമാണെന്ന് അങ്ങ് പറഞ്ഞിരുന്നു. അതിൽ നിന്നും വ്യത്യസ്തമായി അങ്ങ് അതിനെ കണ്ടു. ഒരു കാര്യം ഈ സഭ അറിയണം, ഇതിനുമുമ്പ് ഈ ചെയറിൽ ഇരുന്ന സ്പീക്കർ, ശ്രീ. ശക്തൻ നാടാർ, പി. സി. ജോർജിനെതിരെ ശക്തമായ ഒരു റൂളിംഗ് നടത്തി. വേദനയോടെ ഞാൻ പറഞ്ഞു ദൈവം തമ്പുരാനുണ്ടെന്ന്. ഞാൻ സഭയിൽ നിന്നും പോയി.

<u>മി. സ്പീക്കർ</u>: റൂളിംഗിനെ സംബന്ധിച്ച് ചർച്ച നടത്തേണ്ട. ഇതൊന്നും ശരിയല്ല.

<u>ശ്രീ. പി.സി. ജോർജ്</u>: കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ അന്ന് റൂളിംഗ് നടത്തിയ ശ്രീ. ശക്തൻ നാടാർ ഇന്ന് ഈ സഭയിലില്ല. അന്ന് ആ റൂളിംഗ് കേട്ടുകൊണ്ടിരുന്ന പി.സി. ജോർജ്ജ് മൂന്ന് മുന്നണികളെയും തകർത്തുകൊണ്ട് 27000 വോട്ടിന്റെ ഭൂരിപക്ഷത്തോടുകൂടി ഇവിടെയിരുപ്പുണ്ട്.

<u>മി. സ്പീക്കർ</u>: അങ്ങ് ഇതൊന്നും വ്യക്തിപരമായി എടുക്കേണ്ട. റൂളിംഗിനുമേൽ ചർച്ചയില്ല.

<u>ശ്രീ. പി.സി. ജോർജ്</u>: അന്ന് ആ റൂളിംഗിനുവേണ്ടി സബ്മിഷൻ കൊടുത്ത ശ്രീ. തോമസ് ഉണ്ണിയാടനും ഇന്ന് ഈ സഭയിലില്ലെന്ന് അങ്ങ് അറിയണം.

<u>മി. സ്പീക്കർ</u>: അങ്ങ് ധനവിനിയോഗ ബില്ലിനെ സംബന്ധിച്ച് പറയാനുള്ളത് പറയൂ.

<u>ശ്രീ. പി. സി. ജോർജ്</u>: പറയേണ്ടത് പറയണ്ടേ? ഞാൻ ശപിക്കുകയല്ല.

നടക്കാൻ പോകുന്നത് നേരത്തെ പറഞ്ഞുവെന്നേയുള്ളൂ. ഡോ. തോമസ് ഐസക് എന്നോട് ക്ഷമിക്കണം, ഇന്ന് ഈ ഡിമാന്റിനെ അനുകൂലിക്കാൻ നിവൃത്തിയില്ല. നാളെയായിരുന്നുവെങ്കിൽ ഞാൻ അനുകൂലിക്കുമായിരുന്നു, ഒരു സംശയവും വേണ്ട, കാരണം ധനവിനിയോഗ ബില്ലില്ലാതെ എങ്ങനെ ധനം വിനിയോഗിക്കാൻ സാധിക്കും? അത് ന്യായമാണ്. ഞാൻ പറഞ്ഞതിന്റെ അർത്ഥം അങ്ങ് ഉൾക്കൊണ്ടല്ലോ, അനുമതി. എനിക്ക് ആകെ ഒരു മിനിറ്റാണ് സംസാരിക്കാനുള്ളത്. ഞാൻ ഒരു ഡിമാന്റ് കൂടി ഈ സഭയിൽ വയ്ക്കുകയാണ്. ഒരു മിനിറ്റിനുള്ളിൽ ഒരു അംഗത്തിന് എങ്ങനെ സംസാരിക്കാൻ സാധിക്കും. ഒരു അംഗത്തിന് മിനിമം അഞ്ച് മിനിറ്റ് അനുവദിക്കുമെന്ന് അങ്ങ് ഒരു പ്രഖ്യാപനം നടത്തിയാൽ സഭാരേഖകളിൽ ഇങ്ങനെ പ്രഖ്യാപനം നടത്തിയ ഒരു സ്പീക്കർ എന്ന് ചരിത്രം അങ്ങയെക്കുറിച്ച് പറയും. അങ്ങനെ അങ്ങ് ഒരു പ്രഖ്യാപനം നടത്തൂ. ഞങ്ങളൊക്കെ കേൾക്കട്ടെ.

<u>മി. സ്പീക്കർ</u>: അങ്ങ് പ്രസംഗിക്കുന്നെങ്കിൽ പ്രസംഗിക്കൂ.

<u>ശ്രീ. പി.സി. ജോർജ്</u>: അങ്ങയെക്കാൾ സീനിയറായ ഞാൻ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുകയാണ്.

<u>മി. സ്പീക്കർ</u>: അങ്ങ് ധനവിനിയോഗ ബില്ലിലേയ്ക്ക് വരൂ.....പ്ലീസ്

<u>ശ്രീ. പി.സി. ജോർജ്</u>: ഇവിടെ എല്ലാവരും ധനവിനിയോഗ ബില്ലിനെക്കുറിച്ച് മാത്രമാണോ സംസാരിച്ചത്? ഇവിടെ ശ്രീ. ജോർജ് എം. തോമസ്

സംസാരിച്ചതുമുഴുവൻ ധനവിനിയോഗ ബില്ലിനെക്കുറിച്ചായിരുന്നോ?

മി. സ്പീക്കർ: അങ്ങ് ഇപ്പോൾ അഡീഷണൽ സമയമെടുത്താണ് സംസാരിക്കുന്നത്. അങ്ങ് എന്നോട് സംസാരിക്കേണ്ട.

ശ്രീ. പി.സി. ജോർജ്: അക്കാര്യത്തിൽ അങ്ങേയ്ക്ക് തെറ്റുപറ്റി. അംഗങ്ങൾ ചെയറിനോടുമാത്രമേ സംസാരിക്കാവൂ. ഇതെല്ലാം ഞാൻ അങ്ങേയ്ക്ക് പറഞ്ഞുതരണമോ?

മി. സ്പീക്കർ: ചെയറിനോട് സംസാരിച്ചോളൂ. പക്ഷേ വ്യക്തിപരമായി എടുക്കേണ്ട. പ്ലീസ്........

ശ്രീ. പി. സി. ജോർജ്: ക്രമപ്രശ്നം രണ്ടെണ്ണമേ ഞാൻ ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളൂ. ഒന്ന്, ഞാൻ വരുമ്പോൾ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ സഭയിലും പാനൽ ഓഫ് ചെയർമാൻ ചെയറിലുമാണ് ഇരിക്കുന്നത്. അത് തെറ്റാണെന്ന് ഞാൻ പറഞ്ഞു. ഉടൻതന്നെ പാനൽ ഓഫ് ചെയർ മാറി ഡെപ്യൂട്ടി സ്പീക്കർ ചെയറിൽ വന്നു. ഞാൻ ഉന്നയിച്ച ക്രമപ്രശ്നം കൂടിപ്പോയി എന്ന രീതിയിൽ അങ്ങ് റൂളിംഗ് നടത്തിയപ്പോൾ എനിക്കുണ്ടായ വേദന ഞാൻ പറയണ്ടേതില്ല; അതുസംബന്ധിച്ച് ഈ സഭയിലിരിക്കുന്ന അംഗങ്ങൾ അറിയണ്ടേ; പുതിയ അംഗങ്ങൾക്ക് അത് അറിയില്ല, അത് പറഞ്ഞുകൊടുക്കേണ്ട മര്യാദ കാണിക്കണ്ടേ. അവിടെയാണ്, ഞാൻ ഉന്നയിച്ച ക്രമപ്രശ്നം ഗുരുതരമായത്.

മി. സ്പീക്കർ: അങ്ങയെപ്പോലെ ദീർഘമായ പാരമ്പര്യമുള്ള ഒരാൾ സഭയിൽ

ചർച്ചയിൽ  പങ്കെടുത്ത് ക്രമപ്രശ്നത്തെ സംബന്ധിച്ച് പറയുന്നത് ശരിയല്ല.

<u>ശ്രീ. പി. സി. ജോർജ്</u>: അങ്ങയുടെ റൂളിംഗിനെ ഞാൻ ബഹുമാനിക്കുന്നു. അതിനെ ശിരസ്സാ അംഗീകരിച്ചുകൊണ്ടുതന്നെയാണ് ഈ നല്ല കാര്യങ്ങൾ പറഞ്ഞുതരുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഡോ. തോമസ് ഐസക്കിന്റെ ധനവിനിയോഗബില്ലിനെ ശക്തിയുക്തം എതിർക്കാതിരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് എതിർക്കുന്നു.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും അവരുടെ മണ്ഡലത്തിലെ വികസനത്തിനുവേണ്ടി വാരിക്കോരി കൊടുത്ത ഒരു ബഡ്ജറ്റായിരുന്നു ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. അതിൽ പറഞ്ഞ കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിനാണ്  ഈ ധനവിനിയോഗ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. അതിനെ എല്ലാപേരും അംഗീകരിക്കേണ്ടതാണ്. പ്രതിപക്ഷത്തുനിന്നും കുറച്ചുപേർ അംഗീകരിച്ചുവെന്നത് ഒരു വസ്തുതയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഭരണപക്ഷ-പ്രതിപക്ഷ വ്യത്യാസമില്ലാതെ സഭയിലെ എല്ലാ അംഗങ്ങൾക്കും അവരുടെ മണ്ഡലങ്ങൾക്കുവേണ്ടി പണം വാരിക്കോരി കൊടുത്ത ഒരു കാലം ഇതിനുമുമ്പുണ്ടായിരുന്നോ എന്നത് നമ്മുടെ പ്രതിപക്ഷാംഗങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. മന്ത്രിമാരെയും ചില ഡിപ്പാർട്ട്മെന്റിനേയും സ്വാധീനിക്കാൻ കഴിഞ്ഞവർക്ക് കുറേ കാര്യങ്ങൾ ചെയ്യാൻ

കഴിഞ്ഞിട്ടുണ്ടാകുമെന്നത് ഒരു വസ്തുതയായിരിക്കും. പക്ഷേ ഒരു ബഡ്ജറ്റിൽ കൂടി ഓരോ മണ്ഡലത്തിലും 'ഇന്നയിന്നതുപോലെ ഇന്നയിന്ന കാര്യങ്ങൾ ചെയ്യാൻ ഇത്രയും കോടി രൂപ അനുവദിക്കുന്നുവെന്ന് പറഞ്ഞ ഒരു ധനമന്ത്രി ഇതിനുമുമ്പുണ്ടായിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ടാണ് ഈ ബഡ്ജറ്റിനെ എല്ലാവരും അംഗീകരിക്കേണ്ടതായിരുന്നു എന്ന് ഞാൻ പറഞ്ഞത്.

ഈ ധനവിനിയോഗ ബില്ലിൽ പറയുന്ന കാര്യങ്ങൾ നമ്മുടെ നാട്ടിൽ നടപ്പാക്കണമെങ്കിൽ ഇതിനുപിന്നിൽ പ്രവർത്തിക്കേണ്ടത് പ്രധാനമായും ഉദ്യോഗസ്ഥരാണ്. ധനകാര്യവകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും പറയുന്നതുപോലെ ബന്ധപ്പെട്ട ഓരോ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരെക്കൊണ്ട് വർക്കുകൾ നടപ്പാക്കാൻ കഴിയുന്നുവെങ്കിൽ മാത്രമേ ഈ ധനം കൊണ്ട് നമ്മുടെ നാട്ടിൽ ഗുണമുണ്ടാവുകയുള്ളൂ. ഏതു ഗവൺമെന്റായാലും, ഗവൺമെന്റ് അനുവദിക്കുന്ന പദ്ധതികൾ നാട്ടിലെത്താതിരിക്കുന്നതിന്റെ ഒരു പ്രധാന കാരണം ഉദ്യോഗസ്ഥരുടെ തടസ്സമാണ്. അവർ പണിയെടുക്കുന്നതിന്റെ തടസ്സമാണ്. അത് മാറ്റിയെടുക്കുന്നതിനുവേണ്ടി പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഉദാഹരണമായി, എന്റെ മണ്ഡലത്തിൽ ഒരു കുടിവെള്ള പദ്ധതിയുണ്ട്. ചെറിയ പദ്ധതിയാണ്. എട്ടുവർഷം മുമ്പ് ആരംഭിച്ച രാമങ്കയം കുടിവെള്ള പദ്ധതിയെന്നാണ് അതിന്റെ പേര്. മൂന്നു ജലസേചന മന്ത്രിമാർ വന്നുപോയി. ഇന്നുവരെ തെക്കും വടക്കും തിരിയാതെ കളിക്കുകയാണ്. ആദ്യം

പൈപ്പ് ഇടാൻ വേണ്ടി ടെൻഡർ ചെയ്തു. 140 കിലോമീറ്റർ പൈപ്പിട്ട് കരാറുകാരൻ കാശും വാങ്ങി പോകുകയും കുറെ റോഡ് കിളച്ച് വൃത്തികേടാക്കി എന്നല്ലാതെ നമ്മുടെ നാട്ടിൽ ഒരു കുടിവെള്ള പദ്ധതിയും വരുന്നില്ലെന്നുള്ളതാണ് ഒരു വസ്തുത. ഇപ്പോഴും അതിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെ അഞ്ചും പത്തും ഇരുപതും കൊല്ലമായിട്ടുപോലും ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിയാതെ ഫണ്ട് ദുരുപയോഗം ചെയ്യുന്നു. ഉദ്യോഗസ്ഥരും കരാറുകാരും അത് വീതിച്ചെടുക്കുന്ന രീതിയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്ന വ്യവസ്ഥ ഇനി തുടരരുത് എന്ന് ഈ ബഡ്ജറ്റിലൂടെ മന്ത്രി പ്രസംഗിച്ചപ്പോഴും അത് ഏറ്റുപറഞ്ഞ മന്ത്രിമാരും കാര്യമായി ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എം.എൽ.എ.-മാരും ബന്ധപ്പെട്ട ആളുകളും നാട്ടിൽ ഓരോ പദ്ധതികൾ കൊണ്ടുവരുന്നതിനുവേണ്ടി അതിന്റെ വഴിയേ പോയാൽ എത്രകാലം നടന്നിട്ടും ഈ പദ്ധതി നടക്കുന്നില്ല എന്നത് പ്രധാനപ്പെട്ട വസ്തുതയാണ്. പിറകെ പോയവർക്ക് അറിയാമെന്നതുകൊണ്ട് ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഈ ക്ഷേമകാര്യ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നമ്മുടെ ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ചവയുടെ കൂട്ടത്തിൽ എനിക്കൊരു കാര്യം പറയാനുള്ളത്, അസംഘടിത മേഖലയിൽ പണിയെടുക്കുന്ന നൂറുകണക്കിനാളുകൾ നമ്മുടെ നാട്ടിലുണ്ട്. പ്രത്യേകിച്ച്, കണ്ണൂർ-കാസർഗോഡ് ജില്ലകളിൽ പ്രൈവറ്റ് ബീഡി മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുണ്ട്. ദിനേശ് ബീഡിത്തൊഴിലാളികളെ സഹായിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് നല്ല

കാര്യമാണ്. പ്രൈവറ്റ് മേഖലയിൽ പണിയെടുക്കുന്ന ബീഡിത്തൊഴിലാളികളെ സഹായിക്കുന്നതിനെക്കുറിച്ച് കാര്യമായി ആലോചിക്കേണ്ടതായിരുന്നു. ഇനിയെങ്കിലും അവരെ സഹായിക്കാൻവേണ്ടി ബന്ധപ്പെട്ട തൊഴിൽവകുപ്പ് ഇടപെടാനുള്ള ശ്രമം നടത്തണം. ധനകാര്യവകുപ്പുമന്ത്രിയോട് എനിക്ക് ഒരു കാര്യം അഭ്യർത്ഥിക്കാനുള്ളത്, മംഗലാപുരത്തുനിന്നാണ് പ്രൈവറ്റ് ബീഡി മേഖലയിൽ പണിയെടുക്കുന്നവർക്ക് ഇല കൊണ്ടുവരുന്നത്. അവിടെനിന്നും നികുതി അടച്ചുകൊണ്ടുവരുന്ന ഇല നമ്മുടെ സംസ്ഥാനത്തുവരുമ്പോൾ തലപ്പാടി, മഞ്ചേശ്വരം എന്നിവിടങ്ങളിൽവച്ച് സെയിൽസ് ടാക്സുകാർ നികുതി വാങ്ങുന്ന ഒരു സമ്പ്രദായമുണ്ട്. അത് തൊഴിലാളികളെയാണ് ബാധിക്കുന്നത്. അത് ഇല്ലാതാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രത്യേകമായി ഇടപെട്ട് ആ തൊഴിലാളികളെ സഹായിക്കാൻ മുൻകൈ എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ആയിരക്കണക്കിനാളുകളുടെ കൂട്ടത്തിൽ പ്രധാനപ്പെട്ട ഒരു മേഖലയാണ് കാർപ്പെന്ററി തൊഴിലാളികൾ. പണ്ടുകാലത്ത് കാർപ്പെന്ററി തൊഴിലാളികൾ എന്നുപറഞ്ഞാൽ ആശാരിമാർ മാത്രമായിരുന്നു ആ രംഗത്ത് പണിയെടുത്തിരുന്നത്. ഇന്ന് ജാതിഭേദമില്ലാതെ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളും ആ രംഗത്ത് പണിയെടുക്കുകയാണ്. ആയിരക്കണക്കിന് കാർപ്പെന്ററിത്തൊഴിലാളികൾ നമ്മുടെ നാട്ടിൽ പണിയെടുക്കുകയാണ്. അവർക്ക്

പ്രത്യേകം ഒരു ക്ഷേമനിധി കൊണ്ടുവന്ന് അവരെ സഹായിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിനോടും അഭ്യർത്ഥിക്കാനുള്ളത്.

മുസ്ലീം ലീഗിന്റെ എം.എൽ.എ.മാരും മന്ത്രിമാരും പ്രത്യേകിച്ച് ശ്രീ. പി. കെ. ബഷീറും മിനിഞ്ഞാന്ന് കുറെ ഉപദേശം നടത്തിയിരുന്നു. എൽ.ഡി.എഫ് എം.എൽ.എ.മാരോട് അല്ലെങ്കിൽ ഗവൺമെന്റിനോട് ഉപദേശിക്കുകയാണ്. ഞങ്ങൾ ഇപ്പോൾ മതേതര പാർട്ടിയിൽ വിശ്വസിക്കുന്നവരാണ്. മതേതര പാർട്ടിയാണ്. അതുകൊണ്ട് നിങ്ങൾ ഇന്നയിന്ന കാര്യങ്ങൾ ചെയ്യണമെന്ന് ശ്രീ. പി. കെ. ബഷീറിന്റെ കുറെ ഉപദേശങ്ങൾ ഇങ്ങോട്ടുവന്നു. നല്ല കാര്യം തന്നെയാണ്. ഞങ്ങൾ എല്ലാവരുടെ ഉപദേശവും സ്വീകരിക്കും. നല്ലകാര്യങ്ങൾ പറയുന്ന ആര് പറഞ്ഞാലും ഞങ്ങൾ കേൾക്കും. ശ്രീ. ഒ. രാജഗോപാൽ പറഞ്ഞാലും നിഷേധിക്കുകയില്ല. പക്ഷേ ശ്രീ. പി. കെ. ബഷീർ എല്ലാ കാര്യങ്ങളും മതേതരം എന്നുപറഞ്ഞുകൊണ്ടാണ് പറഞ്ഞത്. നിങ്ങൾ മതേതര പാർട്ടിയാണ് എന്നുള്ളതിൽ സന്തോഷമേയുള്ളൂ. നിങ്ങൾ ഒരു മതനേതാവിനെ നിങ്ങളുടെ പാർട്ടിയുടെ പ്രസിഡന്റാക്കിവച്ചുകൊണ്ട് എങ്ങനെയാണ് മതേതര പാർട്ടിയാകുന്നത്; ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ മുസ്ലീം ലീഗിന്റെ പ്രസിഡന്റാക്കിയിട്ട് മതേതരപാർട്ടി എന്നുപറയണം. കേരളത്തിലെ ഒരു പ്രധാനപ്പെട്ട സമുദായത്തിന്റെ മതനേതാവിനെ നിങ്ങളുടെ പാർട്ടിയുടെ പ്രസിഡന്റാക്കിയതിനുശേഷം ഞങ്ങൾ മതേതരപാർട്ടി

എന്നുപറയുന്നതിൽ എന്ത് ന്യായമാണുള്ളത്; നിങ്ങൾ മതേതരത്വത്തിൽ വിശ്വസിക്കുന്ന പാർട്ടിയാകുന്നതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. അങ്ങനെ ആകണമെന്നാണ് നിങ്ങളോട് പണ്ടേ ഞങ്ങൾ പറഞ്ഞത്. മുസ്ലീം ലീഗ് പറഞ്ഞാൽ ഈ രാജ്യത്ത് മുസ്ലീം സമുദായം വോട്ട് ചെയ്യില്ല എന്നകാര്യം ഞങ്ങൾ നിങ്ങളോട് പണ്ടേ പറഞ്ഞതാണ്. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിലെ ജനവിധി അതിന് തെളിവാണ്. 17 പേർ ജയിച്ചുവെന്ന് നിങ്ങൾ പറഞ്ഞു. അത് എണ്ണിനോക്കിയാൽ മതിയാകും. ഞങ്ങളെല്ലാം മതേതരവാദികളാണ്, മതേതര വോട്ടുവാങ്ങി ജയിച്ചുവന്നതാണ്. ഈ ഭാഗത്ത് എണ്ണി നോക്കണം. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട എത്രയാളുകൾ, ക്രിസ്ത്യൻ, മുസ്ലീം, അതുപോലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട എത്ര ആളുകളാണ് ഇവിടെ ഇരിക്കുന്നതെന്ന് എണ്ണിനോക്കണം. നിങ്ങളുടെ ഇരട്ടിയുടെ ഇരട്ടിയുണ്ട്. നിങ്ങൾ മാത്രം എണ്ണേണ്ട. മുസ്ലീം ലീഗ് പറഞ്ഞതുപോലെ മുസ്ലീം സമുദായത്തിന്റെ വോട്ട് ഞങ്ങൾക്ക് കിട്ടുമെന്ന് നിങ്ങൾ ധരിക്കേണ്ട. അങ്ങനെയായിരുന്നുവെങ്കിൽ ഞാനും ജയിച്ചുവരില്ലായിരുന്നു. നിങ്ങൾ കണ്ണൂരിൽ നിന്ന് വലിയ പുലിയെ കൊണ്ടിറക്കിയിട്ട് എന്നെ തോൽപ്പിക്കാനുള്ള ശ്രമം നടത്തിയില്ലേ; ശ്രമം നടത്തിയത് കോൺഗ്രസ്സിനേക്കാൾ കൂടുതൽ ലീഗാണ്. ശ്രീ. രമേശ് ചെന്നിത്തലയ്ക്കറിയാം. കോൺഗ്രസ്സിനേക്കാളും വലിയ ശ്രമം നടത്തിയത് മുസ്ലീം ലീഗാണ്. ഇതാ പുലി വന്നു, പുലി വന്നു എന്നുഞ്ഞു. നാട്ടിലാകെ പുലിയെയും കൊണ്ട് നടന്നിട്ട് പുലിയെ എലിയായി മടക്കി അയച്ചു എന്നുപറഞ്ഞതുപോലെ ആ

പുലിയെ എലിയായി കണ്ണൂരിലേയ്ക്ക് മടക്കി ഞങ്ങൾ അയച്ചു. ഉദുമക്കാരാണ് മടക്കി അയച്ചത്. ഞങ്ങളാരും അല്ല. മുസ്ലീം സമുദായത്തിൽപ്പെട്ടവരാണ്. എന്റെ പഞ്ചായത്തായ പള്ളിക്കര പഞ്ചായത്ത് മുസ്ലീം സമുദായത്തിന് ഭൂരിപക്ഷമുള്ള പഞ്ചായത്താണ്. അവിടെ മൂവായിരത്തിൽപ്പരം വോട്ടിന്റെ ഭൂരിപക്ഷം എനിക്കാണ് ലഭിച്ചത്. മുസ്ലീം ലീഗ് പറഞ്ഞതുപോലെ അല്ല മുസ്ലീം സമുദായം എന്ന് നിങ്ങൾ പണ്ടേ മനസ്സിലാക്കണമായിരുന്നു. അങ്ങനെ മനസ്സിലാക്കാതെ ഇടതുപക്ഷ മുന്നണിയെ കാലുവാരി പോയവരാണ് നിങ്ങൾ. പിതാമഹാന്മാരുടെ പേര് എത്ര പ്രാവശ്യമാണ് ശ്രീ. പി. കെ. ബഷീർ പറഞ്ഞതെന്ന് അറിയാമോ; നിങ്ങൾ കാലുവാരി പോയവരാണ്. 1967-ൽ ഗവൺമെന്റ് വന്നപ്പോൾ നിങ്ങളും അക്കൂട്ടത്തിലുണ്ടായിരുന്നു. 1967-ന് മുമ്പ് മുസ്ലീം ലീഗ് എന്തായിരുന്നുവെന്ന് ഈ സഭയിലിരിക്കുന്ന എല്ലാവർക്കുമറിയാം. ഞാൻ പറയുന്നത് നിങ്ങൾ കേൾക്കണം. 1967-ൽ കാലുവാരി പോയതിനുശേഷം......ആ ഗവൺമെന്റിനെ അട്ടിമറിച്ചത് എന്തിനാണെന്ന് അറിയാമോ; കഴിഞ്ഞദിവസം മുഖ്യമന്ത്രി പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ പറഞ്ഞത് ഇന്ന് ലോകം അംഗീകരിക്കുന്ന പ്രധാനപ്പെട്ട ഒരു സംഭവം നമ്മുടെ രാജ്യത്ത് നടന്നത് ഭൂപരിഷ്കരണ ബില്ലാണ് എന്നാണ്. ഇന്ന് ലോകത്തിലെ, കേരളത്തിലെ സാമ്പത്തിക രംഗത്ത് മാറ്റമുണ്ടാക്കാൻ പ്രത്യേക പങ്കുവഹിച്ച പ്രധാനപ്പെട്ട ഒന്നാണ് ഭൂപരിഷ്കരണ ബിൽ. ആ ബില്ലിനുശേഷമാണ് നമ്മുടെ നാട്ടിൽ പ്രവാസികളുടെ

ഫണ്ട് വന്നത്. ആ ഭൂപരിഷ്കരണ ബിൽ പാസ്സാക്കിയപ്പോൾ അതിനെ അട്ടിമറിച്ചുപോയവരാണ്, കാലുവാരി പോയവരാണ് നിങ്ങൾ എന്ന കാര്യം ചരിത്രരേഖയാണ്. ആ രേഖ മാറ്റിമറിക്കാൻ നിങ്ങൾക്കാവില്ല. അതുകൊണ്ടാണ് നിങ്ങളെ ആരും വിശ്വസിക്കാത്തത്. ഈ രാജ്യത്ത് നല്ല നിയമം കൊണ്ടുവരുമ്പോൾ മുസ്ലീം ലീഗ് ആരുടെ കൂടെ ആയിരുന്നുവെന്ന് രാജ്യത്ത് എല്ലാവർക്കുമറിയാം. അന്ന് നിങ്ങൾ അപ്പുറത്താണ്. അങ്ങനെ ആ ബില്ലിനെ അട്ടിമറിക്കാൻ, വിദ്യാഭ്യാസ നിയമത്തെ അട്ടിമറിക്കാൻ കാലുമാറിപ്പോയവരാണ് മുസ്ലീം ലീഗ് എന്നതുകൊണ്ടാണ് നിങ്ങളെ എല്ലാവരും അങ്ങനെ പറയുന്നത്. ഇപ്പോഴും അങ്ങനെ പറയുന്നത്. ഞങ്ങൾ മാറിയിരിക്കുന്നു, മതേതര പാർട്ടിയായിരിക്കുന്നു, 46 കൊല്ലമായി കോൺഗ്രസ്സിന്റെ കൂടെയാണ് എന്നുള്ള കാര്യങ്ങൾ ഇപ്പോൾ നിങ്ങൾ പറയുന്നു. നല്ലകാര്യം. നിങ്ങൾ കോൺഗ്രസ്സിനെപ്പോലെ ഒരു മതേതരപാർട്ടിയാകുന്നത് നല്ല കാര്യം. നിങ്ങൾ മാറിവരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. മുസ്ലീം ലീഗ് എന്നൊരു പാർട്ടി ഇതുവരെ പ്രവർത്തിച്ചത് മതേതരത്വത്തിനുവേണ്ടിയല്ല. നമ്മുടെ നാട്ടിലെ ഒരു സമുദായത്തിനുവേണ്ടിയാണ്. അതുകൊണ്ടാണ് സമുദായ നേതാവിനെ നിങ്ങൾ ലീഗിന്റെ പ്രസിഡന്റാക്കിയത്. അത് നിങ്ങൾ മാറ്റണം. അത് മാറ്റാത്തിടത്തോളം കാലം നിങ്ങൾ മതേതരപാർട്ടി എന്നുപറഞ്ഞിട്ട് കാര്യമില്ല. എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളോടും നമുക്ക് യോജിക്കാൻ കഴിയും. തീർച്ചയായും നമുക്ക് യോജിക്കാമല്ലോ; നിങ്ങൾ പ്രസംഗിക്കുന്ന കാര്യം ഞങ്ങൾക്കറിയാം.

കാരണം ഇടതുപക്ഷത്തിൽ കൂട്ടാൻ വേണ്ടിയാണ്. സന്തോഷത്തോടെ വരാം. നിങ്ങൾ പ്രസംഗിച്ച് വരുന്നത് ഞങ്ങൾ വർഗ്ഗീയ പാർട്ടിയല്ല, ഞങ്ങൾ മതേതരപാർട്ടിയാണ് എന്നാണ്. ഞങ്ങളുടെ കൂടെ കൂട്ടാൻ പറഞ്ഞാൽ കൂട്ടാം. നിങ്ങൾ അത് തെളിയിച്ചുകൊടുത്താൽ മതിയാകും. ഞങ്ങളെ മാത്രം ബോദ്ധ്യപ്പെടുത്തിയാൽ പോരാ. ഈ സമൂഹത്തെയും കോൺഗ്രസ്സുകാരെയും ബോദ്ധ്യപ്പെടുത്തണം. അങ്ങനെ ബോദ്ധ്യപ്പെടുത്തുന്ന ഒരു പാർട്ടിയായി മാറിക്കഴിഞ്ഞാൽ തീർച്ചയായും കേരളത്തിന്റെ വളർച്ചയ്ക്ക്, സമുദായത്തിന്റെ വളർച്ചയ്ക്ക് നമുക്കൊന്നിച്ച് പ്രവർത്തിക്കാം. ഇന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ച ഈ ബിൽ നമ്മുടെ നാട്ടിലെ മുഴുവൻ ജനവിഭാഗങ്ങളുടെയും കക്ഷിരാഷ്ട്രീയമില്ലാതെ, ജാതിമതഭേദമില്ലാതെ മുഴുവനാളുകളുടെയും താൽപ്പര്യം സംരക്ഷിക്കുന്ന പ്രധാനപ്പെട്ട ഒരു ബില്ലാണ്. ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ നാട്ടിൽ നടപ്പാക്കിയാൽ തീർച്ചയായും വലിയ മാറ്റം തന്നെ വരും. ആ മാറ്റത്തിന് നിങ്ങളുടെ പിന്തുണയും സഹായവും സഹകരണവും ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിന് കക്ഷി നോക്കേണ്ട, രാഷ്ട്രീയം നോക്കേണ്ട, മുസ്ലീം ലീഗ് എന്നോ കമ്മ്യൂണിസ്റ്റ് എന്നോ നോക്കാതെ പ്രവർത്തിച്ചുവെങ്കിൽ മാത്രമേ നമുക്ക് മാറ്റം കൊണ്ടുവരാൻ കഴിയുകയുള്ളൂ. അതിന് നിങ്ങൾ സഹകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അപ്പുറത്തുള്ള ചിലയാളുകൾ ബില്ലിനെ അനുകൂലിച്ചുവല്ലോ; നിങ്ങൾ കേട്ടതല്ലേ; ഞാൻ

അനുകൂലിക്കുന്നുവെന്ന് ശ്രീ. പി. കെ. ബഷീർ ഇടയ്ക്കിടെ പറഞ്ഞു. നിങ്ങൾ പറഞ്ഞത് നല്ലകാര്യമാണെങ്കിൽ അത് സ്മരിക്കാം. അങ്ങനെ സ്മരിച്ചുകൊണ്ട് നമ്മുടെ നാടിന്റെ വളർച്ചയ്ക്കും പുരോഗമനത്തിനും ജനാധിപത്യ പ്രസ്ഥാനത്തിന്റെ വളർച്ചക്കും നാളെ ഇനിയും രാജേട്ടൻമാർ വരാതിരിക്കാനും ഒന്നിച്ചുകൂടി സഹകരിക്കാം. അതിന് നിങ്ങളുടെ കൂടി സഹായം വേണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. SDPI പോലുള്ള ഭീകരവാദികൾ, ആർ.എസ്.എസ്.-നെപ്പോലും വെല്ലുന്ന ഭീകരവാദികൾ നമ്മുടെ നാട്ടിൽ വളരുന്നുവെന്ന കാര്യമുണ്ട്. അത് എങ്ങനെ വന്നുവെന്നതിനെക്കുറിച്ച് നിങ്ങൾ പരിശോധിക്കണം. മുസ്ലീം ലീഗ് പരിശോധിക്കണം. മുസ്ലീം ലീഗ് പരിശോധിച്ചുവെങ്കിൽ മാത്രമേ മറ്റുള്ളവർ വളരാതിരിക്കൂ. മുസ്ലീം ലീഗിന്റെ ഉത്തരവാദിത്വമാണെന്ന് മനസ്സിലാക്കണം. അങ്ങനെ മുസ്ലീം വർഗ്ഗീയതയെ പ്രോൽസാഹിപ്പിക്കാതെ നമ്മുടെ നാട്ടിലെ മതേതരപ്രസ്ഥാനത്തെ കൂട്ടിയോജിപ്പിക്കാനുള്ള ശ്രമത്തിൽ നിങ്ങൾ സഹകരിക്കണം. അതിന് ഈ ബിൽ ഉപകരിക്കും. ഈ ബില്ലിന്റെ പ്രസക്തി ഉപകരിക്കും. അതിന് നിങ്ങൾ സഹകരിക്കണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ശക്തമായി എതിർക്കുകയാണ്. അപ്പുറത്തുനിന്നുള്ള ചില മെമ്പർമാരുടെ പ്രസംഗം കേൾക്കുമ്പോൾ ഇത് ധനവിനിയോഗ ബില്ലിന്റെ ചർച്ച തന്നെയാണോ എന്നാണ്

സംശയിക്കപ്പെടുന്നത്. ഇന്ന് ഇവിടെ ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ഫിനാൻസ് ബില്ലോടുകൂടി 205 കോടിരൂപയുടെ അധികഭാരം ജനങ്ങളെ അടിച്ചേൽപ്പിക്കാൻ പോകുകയാണ്. നികുതി നിർദ്ദേശം പ്രാബല്യത്തിൽ വരാൻ പോകുകയാണ്. സാധാരണ ജനങ്ങൾ ഉപയോഗിക്കുന്ന മൈദ, ആട്ട, വെളിച്ചെണ്ണ, അലക്കുസോപ്പ്, സൂചി, റവ എന്നിവയ്ക്ക് ഇന്നുമുതൽ നികുതി പ്രാബല്യത്തിൽ വരികയാണ്. തെരഞ്ഞെടുപ്പ് ഘട്ടങ്ങളിൽ എല്ലാ മേഖലകളിലും ചില ബോർഡുകൾ പ്രദർശിപ്പിച്ചു. 'എൽ.ഡി.എഫ്. വരും എല്ലാം ശരിയാകും' എന്ന്. ആദ്യം ശ്രീ. വി. എസ്. അച്ചുതാനന്ദനെ ശരിയാക്കി. ഇന്നുമുതൽ ജനങ്ങളെ ശരിയാക്കാൻ പോകുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ അപ്പുറത്തിരുന്ന ചില മെമ്പർമാർ ഇവിടെ പ്രസംഗിക്കുകയുണ്ടായി. എന്താണ് പ്രസംഗിച്ചത്; തോൽവി അംഗീകരിക്കാൻ കഴിയാത്ത മെമ്പർമാർ ഇവിടെയുണ്ടെന്ന് അപ്പുറത്തുള്ള ചിലയാളുകൾ പ്രസംഗിച്ചു. ഞങ്ങൾ പ്രതിപക്ഷത്താണല്ലോ ഇരിക്കുന്നത്. പ്രതിപക്ഷത്തിരുന്നാണല്ലോ കാര്യങ്ങൾ ഞങ്ങൾ പറയുന്നത്. ഞങ്ങൾ തോൽവി അംഗീകരിച്ചു. ഇനി രാഷ്ട്രീയമായുള്ള തെറ്റുകളുണ്ടെങ്കിൽ തിരുത്തിപ്പോകാനുള്ള സാഹചര്യങ്ങൾ ഐക്യജനാധിപത്യമുന്നണിക്കുണ്ട്. ഇവിടെ മുസ്ലീം ലീഗ് ഒരു വർഗ്ഗീയ പാർട്ടിയല്ല. ജനാധിപത്യമൂല്യങ്ങൾ സംരക്ഷിച്ച് ജനാധിപത്യ വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന പാർട്ടിയാണ്. അവരെ ഉന്മൂലനം ചെയ്യുന്നതാണ് നിങ്ങളുടെ ലക്ഷ്യമെങ്കിൽ അത് നടക്കുകയില്ല. ഇവിടെ വളരെ അത്ഭുതം

തോന്നുകയാണ്. കേരളത്തിൽ പട്ടികവർഗ്ഗ പ്രേമം പാടി നടക്കുന്ന പാർട്ടി ജാഥയുടെ നീളം കൂട്ടുന്നതിനുവേണ്ടി പട്ടികവർഗ്ഗക്കാരെ ഉപയോഗപ്പെടുത്തുന്നു. ഈ ബഡ്ജറ്റ് പരിശോധിച്ചപ്പോൾ 2016 ഫെബ്രുവരി 12-ന് പ്രിയങ്കരനായ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി സാർ അവതരിപ്പിച്ച ബഡ്ജറ്റിൽ കേരളത്തിലെ 33 സമുദായങ്ങളുള്ള പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിനിയോഗിക്കേണ്ട ഫണ്ട് മൂന്ന് ശതമാനമായി വർദ്ധിപ്പിച്ച് 150 കോടി രൂപ അധികമായി ലഭ്യമാക്കി. ഈ ഗവൺമെന്റിന്റെ ബഡ്ജറ്റിൽ 2.61 ശതമാനമാണ്. ഇവിടെ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ച പദ്ധതികളല്ലാതെ ഒരു പുതിയ പദ്ധതിയെങ്കിലും പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇവിടെ പാവപ്പെട്ട പട്ടികവർഗ്ഗക്കാർ പല മേഖലകളിലും ദുരന്തം അനുഭവിക്കുന്നു. കഴിഞ്ഞ ജൂൺ 30-ന് രാഷ്ട്രീയ പാരമ്പര്യമുള്ള മുൻ മന്ത്രിയും ഇപ്പോഴും മന്ത്രിയായിട്ടുള്ള ശ്രീ. എ. കെ. ബാലൻ പറഞ്ഞത് ഞാൻ ഓർക്കുന്നു, കേരളത്തിൽ കഴിഞ്ഞ ഗവൺമെന്റ് 33000 വീട് അനുവദിച്ചുവെന്ന്. ഇത് പഞ്ചായത്ത് അടിസ്ഥാനത്തിലാണോ നിയോജകമണ്ഡലാടിസ്ഥാനത്തിലാണോ സംസ്ഥാനതലത്തിലാണോ എന്ന് ഞാൻ എന്റെ ചോദ്യത്തിൽ ചോദിച്ചു. ഉദ്യോഗസ്ഥന്മാരെ വിളിച്ചുകൂട്ടിയപ്പോൾ കിട്ടിയ കണക്കാണെന്നാണ് അദ്ദേഹം പറഞ്ഞത്. ഞാൻ വയനാട് ജില്ലയിലെ കണക്കെടുത്തു. 33000 വീട് സംസ്ഥാനത്ത് അനുവദിച്ചപ്പോൾ പണി തീർന്നത് 300 വീടുകളെന്നാണ് നിങ്ങൾ പറഞ്ഞത്. ഏകദേശം ആറായിരത്തോളം വീടുകൾ

വയനാട് ജില്ലയിൽ അനുവദിച്ചപ്പോൾ രണ്ടായിരത്തോളം വീടിന്റെ പ്രവൃത്തി പൂർത്തീകരിച്ച രേഖ എന്റെ കയ്യിലുണ്ട്. വയനാട് ജില്ലയിലെ മാത്രം കണക്കാണിത്. ഒരു കണക്ക് അവതരിപ്പിക്കുമ്പോൾ അതിലൊരു വ്യക്തതകൂടി ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പട്ടികവർഗ്ഗ മേഖലയിൽ വലിയ ദുരന്തവും കഷ്ടപ്പാടും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇടമലക്കുടിയെക്കുറിച്ച് കഴിഞ്ഞ ദിവസം പത്രത്തിൽ കണ്ടു. ഇടമലക്കുടിയിൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിലുള്ള സമയത്ത് പട്ടികവർഗ്ഗ വകുപ്പുമന്ത്രി നേരിട്ട് 18 കിലോമീറ്ററോളം സഞ്ചരിച്ച് അവിടെ ചെന്ന് അവരുടെ പ്രയാസങ്ങളും കഷ്ടപ്പാടും മനസ്സിലാക്കി ആവശ്യമായ പദ്ധതി അന്ന് അനുവദിച്ചുകൊടുത്തിരുന്നു. ഇന്ന് ഇതാ 12.07.2016-ൽ ദീപികയിൽ വന്ന വാർത്തയാണിത്. ഇടമലക്കുടി നിലവിളിക്കുന്നു, വിശന്നിട്ട്. എന്ത് നടപടിയാണ് സ്വീകരിച്ചത്. ഇത് പത്ര വാർത്തയാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> ശ്രീ. ഐ. സി. ബാലകൃഷ്ണൻ, അങ്ങ് പറയുന്നത് ശരിയല്ല, സർ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ സ്പീക്കറായിരുന്ന ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ ഉൾപ്പെടെ അവിടെ വരികയും അന്ന് രൂപീകരിച്ച ഒരു പഞ്ചായത്താണ് ഇടമലക്കുടി പഞ്ചായത്ത്. അത് കഴിഞ്ഞതിനുശേഷം ഈ സംഭവം പറയുന്ന ഇടമലക്കുടിയിൽ ഇന്നും പട്ടിണിയൊന്നുമല്ല. കഴിഞ്ഞ ദിവസം യോഗം കൂടുകയും തീരുമാനിക്കുകയും പരിശോധിക്കുകയും ചെയ്തതിൽ അരി അവിടെ സ്റ്റോക്കുണ്ട്. തെറ്റിദ്ധരിപ്പിക്കലിലൂടെ

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പണം സമ്പാദിക്കുവാനും അരി സ്വരൂപിക്കുവാനും ഉണ്ടാക്കുന്ന ഒരു മേഖലയാണിത്. ഇത് തെറ്റിദ്ധരിപ്പിക്കലാണ്. തെറ്റിദ്ധരിപ്പിച്ച് വാസ്തവവിരുദ്ധമായുള്ള പ്രസ്താവനയും തെറ്റായ സന്ദേശവും നൽകുന്ന ഓർഡറാണിത്. അതാണ് എന്റെ പോയിന്റ്. ഇത് ഒരുകാലത്തും ഉണ്ടായിട്ടില്ല. ഇത് തെറ്റായ ധാരണയാണ്. പത്ര വാർത്ത കള്ളമാണ്. അതിനെ വച്ചുകൊണ്ട് സംസാരിക്കുന്നത് ശരിയല്ല.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: ഇത് പന്ത്രണ്ടാം തീയതിയിലെ ദീപിക പത്രമാണ്. സഭയെ തെറ്റിദ്ധരിപ്പിക്കലല്ല. പത്രത്തിൽ വന്ന വാർത്തയാണ് ഈ സഭയിൽ ഞാൻ പറയുന്നത്. പലരും പറഞ്ഞിട്ടുണ്ട്. പല പത്രങ്ങളും എഴുതിയിട്ടുണ്ട്. അവിടെ എന്തെങ്കിലും അപകടങ്ങളുണ്ടെങ്കിൽ അത് സംരക്ഷിക്കണമെന്ന് മാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മാനന്തവാടി ഗവൺമെന്റ് ആശുപത്രിയിൽ ആദിവാസി യുവതി ചികിത്സ കിട്ടാതെ മരണപ്പെട്ടു. ആംബുലൻസ് കിട്ടാതെ യുവതി വഴിയിൽ പ്രസവിച്ച് നവജാതശിശു മരിച്ചു. ഈ കഴിഞ്ഞ അഞ്ചാറ് ദിവസങ്ങൾ കൊണ്ടുണ്ടായ മരണങ്ങൾ ഏറെയാണ്. വയനാട് ജില്ലയിൽ 04.07.2016-ൽ ഗോപി എന്ന ഒരു ആദിവാസി യുവാവിനെ ആന കുത്തി മൃഗീയമായി കൊലപ്പെടുത്തി. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഇടപെട്ടിട്ടുണ്ട്. 10.07.2016-ന് കുടിയത്ത് കോളനിയിലെ ശ്രീ. ഉണ്ണിയുടെ ഭാര്യ ശ്രീമതി സ്വർണ്ണാഞ്ജലി രാത്രി 8 മണിക്ക് പ്രവസവേദനയെ തുടർന്ന് ആംബുലൻസ്

ആവശ്യപ്പെട്ടു. രാത്രി 11 മണിക്കാണ് ആംബുലൻസ് എത്തിയത്. ആ യുവതി വഴിയിൽ വച്ച് പ്രസവിക്കുകയും കുഞ്ഞ് മരിക്കുകയും ചെയ്തു. ആംബുലൻസ് സമയബന്ധിതമായി എത്തിക്കാൻ കഴിയാത്തത് ഡിപ്പാർട്ടുമെന്റിന് ഇച്ഛാശക്തിയില്ലാത്തതുകൊണ്ടാണ്. 13.07.2016-ന് വെളുപ്പിന് 4 മണിക്ക് കാവേരി എന്ന യുവതിയെ മാനന്തവാടി ഗവൺമെന്റ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. രാവിലെ 7 മണിക്ക് ചികിത്സ കിട്ടാതെ ആ യുവതി മരണപ്പെട്ടു. അത് അന്വേഷണം നടത്താൻ തയ്യാറാകുമോ; വട്ടോളിയിൽ ചീര എന്ന വൃദ്ധ ഈ കഴിഞ്ഞ 16-ാം തീയതി കിണറ്റിൽ വീണ് മരിച്ചു. അവിടെ എന്താണ് സംഭവിച്ചത്; പോലീസ് എത്തി ആ ബോഡി എടുക്കുമ്പോൾ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരും ട്രൈബൽ വകുപ്പ് ഉദ്യോഗസ്ഥരും അവിടെ ഉണ്ടായിരുന്നില്ല. .........(ബഹളം)...... ഇതൊക്കെയാണൊ ഈ നാട്ടിലെ പട്ടികവർഗ്ഗക്കാർക്കുവേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങൾ. ... (ബഹളം)....

<u>ശ്രീ. ഷാഫി പറമ്പിൽ:</u> ആദിവാസികളുടെ കാര്യം പറയുമ്പോൾ എന്തിനാണ് അപ്പുറത്ത് നിന്നും ഇത്രയും ബഹളം വയ്ക്കുന്നത്;

<u>മി. സ്പീക്കർ:</u> നിങ്ങൾ ഇരിക്കൂ.... ...... (ബഹളം)......

<u>ശ്രീ. പി. കെ. ബഷീർ:</u> അപ്പുറത്ത് ഇരിക്കുന്നവരോടും ബഹളമുണ്ടാക്കാതെ ഇരിക്കാൻ പറയണം. ആദിവാസികളുടെ കാര്യം പറയുമ്പോൾ അവർക്ക് പുച്ഛമാണോ; ...... (ബഹളം).....

<u>മി. സ്പീക്കർ:</u> ശ്രീ. പി. കെ. ബഷീർ, നിങ്ങൾ സീറ്റിൽ ഇരിക്കൂ. അദ്ദേഹം

പറഞ്ഞ് അവസാനിപ്പിക്കട്ടെ.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത്തരം അനിഷ്ടസംഭവങ്ങളും മരണങ്ങളും ഉണ്ടാകുമ്പോൾ ആവശ്യമായ ധനസഹായം ഗവൺമെന്റ് അനുവദിക്കാറുണ്ട്. ഈ ഗവൺമെന്റ് അവർക്കുവേണ്ടി എന്തെങ്കിലും ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. ........ (ബഹളം).........

<u>ശ്രീ. ഷാഫി പറമ്പിൽ:</u> ബഹുമാനപ്പെട്ട സ്പീക്കർ, ആദിവാസികളുടെ കാര്യം സംസാരിക്കുമ്പോൾ ഭരണപക്ഷ അംഗങ്ങൾ ബഹളം ഉണ്ടാക്കുന്നതിൽ അങ്ങ് ഇടപെടണം........ (ബഹളം).......

<u>മി. സ്പീക്കർ:</u> ശ്രീ. ഷാഫി പറമ്പിൽ, ഓരോരുത്തരും സംസാരിക്കുമ്പോൾ അങ്ങ് അവിടെ ഇരുന്ന് പറയുന്ന കമന്റുകളെല്ലാം ഞാൻ കേൾക്കുന്നുണ്ട്................. (ബഹളം)........

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> നവജാതശിശു മരിച്ച യുവതിയെ സംരക്ഷിക്കണ്ടേ; ഇങ്ങനെയുള്ള ഒട്ടനവധി ദുരന്തങ്ങൾ കേരളത്തിലെ പട്ടികവർഗ്ഗക്കാർ ഈ കേരളത്തിന്റെ മണ്ണിൽ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ക്രമസമാധാനം തകർന്നു. പ്രതിപക്ഷനേതാവ് ഇവിടെ പലവട്ടം പറഞ്ഞു. 50 ദിവസംകൊണ്ട് 48 കൊലപാതകം. ഈ കഴിഞ്ഞ 19-ാം തീയതി തെരഞ്ഞെടുപ്പ് റിസൾട്ട് വന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നു. തെരഞ്ഞെടുപ്പ് റിസൾട്ട് വന്നതിന്റെ ആഹ്ലാദപ്രകടനവുമായി ഞങ്ങൾ നീങ്ങുമ്പോൾ

ഡി.വൈ.എഫ്.ഐ.-ൽപ്പെട്ട ഒരാൾ ഞങ്ങൾക്ക് മുന്നിലേയ്ക്ക് വന്ന് പട്ടികവർഗ്ഗക്കാരനായ ഒരു യുവാവിനെ, യൂത്ത് കോൺഗ്രസ് പ്രവർത്തകനെ നെറ്റിയിലിടിച്ച്, നെറ്റി പൊട്ടിച്ച്, മൂക്കിന്റെ പാലം തകർത്ത് മെഡിക്കൽ കോളേജിൽ ട്രീറ്റ്മെന്റിന് പോകേണ്ട സാഹചര്യം ഉണ്ടായി.

<u>മി. സ്പീക്കർ:</u> ശ്രീ. ഐ. സി. ബാലകൃഷ്ണൻ.......

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> തലശ്ശേരിയിൽ ദളിത് വിഭാഗത്തെ കള്ളക്കേസിൽ കുടുക്കി അവരെ അപമാനിച്ച ഗവൺമെന്റാണിത്. ഈ ഗവൺമെന്റിന്റെ നയസമീപനം തിരുത്തണമെന്നാണ് എനിക്ക് ഈ സഭയോട് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽകൂടി ശക്തമായി എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, ഒരു സവിശേഷമായ ദേശീയ രാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിലാണ് ഈ നിയമസഭയിൽ ............

<u>ശ്രീ. വി. ഡി. സതീശൻ:</u> പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാൾ ആദിവാസികളെക്കുറിച്ച് സംസാരിക്കുമ്പോൾ ഭരണപക്ഷ അംഗങ്ങൾ ഇത്രയും ബഹളം ഉണ്ടാക്കിയതിൽ ബഹുമാനപ്പെട്ട സ്പീക്കർ ഇടപെടണം.

<u>മി. സ്പീക്കർ:</u> ശ്രീ. വി. ഡി. സതീശൻ, അദ്ദേഹം പ്രസംഗം അവസാനിപ്പിക്കണമെന്നാണ് ഞാൻ പറഞ്ഞത്. നിങ്ങൾ ക്ഷോഭിക്കേണ്ട കാര്യമില്ല. സഭയിൽ രണ്ട് ഭാഗത്തുനിന്നും സംസാരിക്കുമ്പോൾ കമന്റുകൾ വരുന്ന

സ്വഭാവമുണ്ട്. അത് എല്ലാവരും ഉപേക്ഷിക്കേണ്ടതാണ്. കമന്റുകൾ പറയുന്ന രീതി എല്ലാവരും ഉപേക്ഷിക്കേണ്ടതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽ ഒരു കാര്യം പെടുത്താനുണ്ട്. അപ്പുറത്തുനിന്ന് ആര് പ്രസംഗിച്ചപ്പോഴും ഇവിടെ നിന്ന് ഒരു ശബ്ദവും ഉണ്ടാക്കിയില്ല. അങ്ങ് ഇങ്ങനെ പറയുന്നത് ശരിയല്ല.

മി. സ്പീക്കർ: ഞാൻ ഇവിടെ തൊട്ടടുത്ത് ഇരിപ്പുണ്ട്. ആരും അത് ചെയ്യാൻ പാടില്ല.

ശ്രീ. രമേശ് ചെന്നിത്തല: ആദിവാസികളുടെ പ്രശ്നം ഇവിടെ അവതരിപ്പിക്കുന്ന സന്ദർഭത്തിൽ അതിനെ കളിയാക്കുകയും പുച്ഛിക്കുകയും ചെയ്യുന്നത് ശരിയാണോ; അത് വളരെ തെറ്റായ നടപടിയാണ്. അപ്പുറത്തുനിന്ന് ആരെല്ലാം സംസാരിച്ചു, ഇവിടെ നിന്ന് ആരെങ്കിലും ബഹളം ഉണ്ടാക്കിയോ; അവിടെ നിന്ന് ശ്രീ. കെ. കുഞ്ഞിരാമൻ പ്രകോപനപരമായി എന്തെല്ലാം സംസാരിച്ചു, ഇവിടെ ആരെങ്കിലും കുഴപ്പമുണ്ടാക്കിയോ;

മി. സ്പീക്കർ: സഭയിൽ ഒരംഗം സംസാരിക്കുമ്പോൾ ആരും കമന്റ് ചെയ്യാൻ പാടില്ല. എല്ലാവരും അത് പാലിക്കണം. എല്ലാവർക്കുംവേണ്ടിയാണ് പറയുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സവിശേഷമായൊരു ദേശീയ രാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിലാണ് കേരള

നിയമസഭ ഈ ധനവിനിയോഗ ബിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ആ രാഷ്ട്രീയത്തിന്റെ പ്രത്യേകത, ഇന്ത്യയിലെ പ്രധാനപ്പെട്ട രണ്ട് രാഷ്ട്രീയ കക്ഷികൾ മാത്രമല്ല മറ്റ് രാഷ്ട്രീയ കക്ഷികളും ഈ നിയോ ലിബറൽ സമീപനങ്ങളെ അംഗീകരിക്കുന്ന ഒരു സ്ഥിതി വന്നിട്ടുണ്ട്. ഇന്ന് ഇവിടെത്തന്നെ ശ്രീ. എ. പ്രദീപ്കുമാർ എന്തുകൊണ്ട് ബാങ്ക് സംബന്ധിച്ച് ഇങ്ങനെ ഒരു നയത്തിലേയ്ക്ക് എത്തിച്ചേർന്നു എന്ന് വിശദീകരിച്ചപ്പോൾ പ്രതികരിക്കാൻ തോന്നിയത് ശ്രീ. സി. എഫ്. തോമസിനാണ്.

ശ്രീ. സി. എഫ്. തോമസ്: സർ, ഞാൻ പറഞ്ഞ സമീപനം അതല്ല. കേരളത്തിന്റെ ഒരു പൊതുതാൽപര്യം സംബന്ധിച്ച് മുഖ്യമന്ത്രി പ്രമേയം അവതരിപ്പിച്ചിരിക്കുന്നു. അതിനെ അതിശക്തമായി സപ്പോർട്ട് ചെയ്തുകൊണ്ട് കേന്ദ്ര ഗവൺമെന്റിൽനിന്നും റിസർവ് ബാങ്കിൽനിന്നും നീതി ലഭിക്കാൻ ഒരു പോരാട്ടം നടത്തുമ്പോൾ ഒരേ സമയത്ത് രണ്ടുപേരോട് എതിർക്കാൻ പോകുന്നത് ബുദ്ധിപൂർവ്വമല്ല. പ്രമേയം ചർച്ച ചെയ്യുമ്പോൾ നമ്മുടെ എതിർപ്പു മുഴുവൻ ഇപ്പോൾ കാണിക്കേണ്ടത് കേന്ദ്ര ഗവൺമെന്റിനോടാണ്. അവിടെ കോൺഗ്രസിന്റെ പശ്ചാത്തലം പറഞ്ഞ് വാദഗതികളെ ദുർബലപ്പെടുത്തരുത്. ആ ഒരു സമീപനമാണ് ഞാൻ പറഞ്ഞത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശരി. ഇതല്ലെങ്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇപ്പോഴിവിടെ അംഗീകരിച്ച വിഷൻ 2030 അതിന്റെ

സമീപനം വളരെ വ്യക്തമാണല്ലോ; ഒരു പ്രാദേശിക കക്ഷിയാണെങ്കിലും കേരളാ കോൺഗ്രസിന് പൂർണ്ണമായിട്ടും അത് അംഗീകരിക്കുന്നൊരു സമീപനമാണ്. ഇതാണ് പൊതു രാഷ്ട്രീയ സ്ഥിതി. കോൺഗ്രസും ബി.ജെ.പി.യും മാത്രമല്ല ഇന്ത്യയിലെ പ്രധാനപ്പെട്ട എല്ലാ പ്രാദേശിക കക്ഷികളും ഇന്ന് ഈ പുതിയ സാമ്പത്തിക നയങ്ങളെ അംഗീകരിക്കുകയാണ്. അതേസമയം ആ നയങ്ങൾ പൂർവ്വാധികം ശക്തമായി നടപ്പാക്കുന്നതിനായി, വർഗ്ഗീയമായി രാജ്യത്തെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്ന ബി.ജെ.പി. അധികാരത്തിലിരിക്കുകയാണ്. ഈ ഒരു പശ്ചാത്തലത്തിൽ മതനിരപേക്ഷതയുടെയും ജനപക്ഷ വികസനത്തിന്റേയും ഒരു ബദലാക്കി കേരളത്തെ ഉയർത്തുന്നതിന് പ്രതിജ്ഞാബദ്ധമായിട്ടുള്ളൊരു സർക്കാരാണ് കേരളം ഭരിക്കുന്നത്. ആ ഒരു കാഴ്ചപ്പാട് വച്ചുകൊണ്ടാണ് 2016-17 ലെ ബഡ്ജറ്റ് ഞങ്ങൾ പുതുക്കിയത്. ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോവുകയല്ല. അത് പൊതു ചർച്ചയ്ക്കുള്ള മറുപടിയിൽ ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. ഓരോ മേഖലയിലും ഞങ്ങളുടെ മാനിഫെസ്റ്റോ മുന്നോട്ടുവച്ച ബദലിലേയ്ക്ക് ഒരുപടി മുന്നോട്ടു പോകാൻ പറ്റുന്ന രീതിയിലുള്ള നിർദ്ദേശങ്ങളാണ് പുതുക്കിയ ബഡ്ജറ്റിലൂടെ നൽകിയിട്ടുള്ളത്. വിദ്യാഭ്യാസമായാലും ആരോഗ്യമായാലും സംസ്കാരമായാലും ഓരോരോ മേഖലയിലും അത്തരത്തിലൊരു സമീപനം കൈക്കൊള്ളുകയാണ് ഈ ബഡ്ജറ്റിൽ ചെയ്തിട്ടുള്ളത്. പക്ഷേ ഞങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ മുന്നോട്ടുപോകുന്നതിന് തടസ്സമുണ്ട്. കാരണം അത്രയ്ക്ക് ഗുരുതരമായിട്ടുള്ളൊരു സാമ്പത്തിക അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. ഈ

അവസ്ഥയിൽപ്പോലും കേരളത്തിലെ പൊതുനിക്ഷേപം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നമുക്ക് ഒരുകാലത്തും ഇല്ലാത്തവിധമുള്ള വലിയൊരു പരീക്ഷണത്തിന് നമ്മളിവിടെ മുതിരുകയാണ്. അപ്പോൾ അത് അപ്രീഷിയേറ്റ് ചെയ്യണമെന്നു മാത്രമല്ല, അതിന്റെ അടിസ്ഥാനത്തിൽ ഈ ബഡ്ജറ്റ് തീരുമാനങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി എല്ലാവരും സഹകരിക്കേണ്ടതുണ്ട് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ബഡ്ജറ്റിൽനിന്നുള്ള ചെലവുകൾക്ക് ways and means പരിമിതികളുണ്ട്. യഥാർത്ഥത്തിൽ 6,000 കോടി രൂപയുടെ ഇമ്മീഡിയറ്റായിട്ടുള്ള ബാധ്യതകൾ കൊടുത്തുതീർക്കാൻ തീരുമാനിച്ചിരുന്നുവെങ്കിൽ ഈ വർഷത്തെ ബഡ്ജറ്റ് എന്തായിത്തീരുമായിരുന്നു? വായ്പയെടുക്കുന്നത് മുഴുവനും റവന്യൂ ചെലവിനുവേണ്ടി നീക്കിവയ്ക്കേണ്ട അവസ്ഥ വരുമായിരുന്നു. അതുകൊണ്ട് 2,000 കോടി രൂപയേ അതിൽനിന്ന് ഇപ്പോൾ ചെലവാക്കാൻ തീരുമാനിച്ചിട്ടുള്ളൂ. ബാക്കി 4,000 കോടി രൂപ അവിടെത്തന്നെയിരിക്കുകയാണ്. അതിനുപുറമേ അധികമായി വരുന്ന മറ്റ് ചെലവുകളുണ്ട്. അതുകൊണ്ട് ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം ways and means നിയന്ത്രണങ്ങൾ അനിവാര്യമാണ്. എന്നാൽ പ്രത്യേക നിക്ഷേപ പദ്ധതി എന്നുള്ളതിന് ഇല്ല. അത് ഞാൻ വ്യക്തമാക്കുകയാണ്. അതുകൊണ്ട് നടപ്പാക്കുന്നതിന് പണമല്ല തടസ്സം. നമുക്ക് എത്ര ഇനീഷ്യേറ്റീവ് ഉണ്ട് എന്നുള്ളതാണ്. അത് വകുപ്പുകളോട് മാത്രമല്ല. ബഹുമാന്യരായിട്ടുള്ള എം.എൽ.എ.മാരോട് പൊതുവെ ഞാൻ പറയുന്ന കാര്യമാണ്. ഇവിടെ പലരും

അവരുടെ മണ്ഡലത്തിൽ പറഞ്ഞിരുന്നത് വന്നിട്ടില്ല എന്നെല്ലാം പറയുകയുണ്ടായി. വർക്ക് എന്നുപറഞ്ഞാൽ റോഡ് മാത്രമല്ല. കുടിവെള്ളം, കെട്ടിടങ്ങൾ, പാലങ്ങൾ, സ്പോർട്സ് കോംപ്ലക്സുകൾ, ആശുപത്രിയുടെ നവീകരണം എന്നിവയെല്ലാം വരുന്നുണ്ട്. ഓരോ മണ്ഡലത്തിലേയും ഇങ്ങനെയുള്ള വർക്കുകളുടെ ലിസ്റ്റെടുത്ത് രണ്ടാഴ്ച കഴിഞ്ഞ് ബന്ധപ്പെട്ടാൽ ഏത് അംഗങ്ങൾക്കും തരാവുന്നതാണ്. എന്തെങ്കിലും കുറവുണ്ടെങ്കിൽ അത് നമുക്ക് നികത്തുകയും ചെയ്യാം. ഒരു സംശയവും അക്കാര്യത്തിലില്ല. പക്ഷേ ഇത് നടപ്പാകണമെന്നുണ്ടെങ്കിൽ ഇവിടെയുള്ള ഓരോ അംഗത്തിന്റെയും വലിയൊരു മുൻകൈ വേണ്ടതായുണ്ട്. ഞാനൊരു ഉദാഹരണം പറയാം. നമ്മളിപ്പോൾ എല്ലാ മണ്ഡലത്തിലേയും സ്കൂളുകളിലെ 8, 9, 10, 11, 12 ക്ലാസുകൾ ഹൈടെക് ആക്കാനായി പോവുകയാണ്. ഹൈടെക് എന്നുവച്ചാൽ കമ്പ്യൂട്ടർ കൊണ്ടുപോയി ക്ലാസ് മുറിയിൽ വയ്ക്കുന്നതല്ല. അതുതന്നെ ചെയ്യണമെങ്കിൽ ഓരോ ക്ലാസ് മുറിയെയും കുറിച്ച് എന്താണ് അവിടെ വേണ്ട മെയിന്റനൻസ് വർക്ക്, ബലപ്പെടുത്തൽ എന്നതുസംബന്ധിച്ച് ബോധ്യമുണ്ടാകണം. അത് കേന്ദ്രീകൃതമായി ചെയ്യാൻ പറ്റുന്ന ഒന്നാണോ? ഇനി നടപ്പിലാക്കിയാൽത്തന്നെ പഠിപ്പിക്കുന്നതിൽ അതിനെ എങ്ങനെ ഉപയോഗപ്പെടുത്തണം എന്ന പ്രശ്നമുണ്ട്. കമ്പ്യൂട്ടർ പഠിപ്പിക്കാനല്ല. ഇംഗ്ലീഷ് ആയാലും സയൻസ് ആയാലും സാമൂഹ്യ പാഠമായാലും ഈ സംവിധാനമുപയോഗിച്ച് പഠിപ്പിക്കുന്നതിന് നമ്മുടെ അദ്ധ്യാപകരെയും മറ്റും തയ്യാറെടുപ്പിക്കേണ്ടതുണ്ട്. അപ്പോൾ ഇത് നടപ്പാകണമെന്നുണ്ടെങ്കിൽ വലിയ

ഇനിഷ്യേറ്റീവ് താഴെനിന്ന് വരേണ്ടതുണ്ട്. ആരുടെ മണ്ഡലത്തിലാണ് ഒരു താലൂക്ക് ആശുപത്രിയുടെ ലെവലിലെങ്കിലും വരുന്ന ഒരാശുപത്രി ഇല്ലാത്തത്; ആ ആശുപത്രിയിൽ പണത്തിന്റെ ബാർ വച്ചിട്ടില്ല. എന്താണ് അവിടെ വേണ്ടത്; നിശ്ചയമായിട്ടും എസ്റ്റിമേറ്റ് ഡിപ്പാർട്ടുമെന്റ് എടുക്കും. അതിനുള്ള തീരുമാനങ്ങളൊക്കെ ഡിപ്പാർട്ടുമെന്റ് വഴി. പക്ഷേ ആശുപത്രിയുടെ സ്ഥലപരിമിതികളും കാര്യങ്ങളും കണക്കിലെടുത്തുകൊണ്ട് നമുക്കും വേണ്ടേ ഒരു ധാരണ? ഇതാണ് ഇവിടെ വേണ്ടത് എന്നുള്ളതിന് ഒരു മുൻകൈ താഴത്തുനിന്ന് വരുന്നില്ലെങ്കിൽ അത് bureaucratic exercise ആയി നിശ്ചിത ലക്ഷം രൂപയുടെ ഒരു കെട്ടിടം എല്ലാ ആശുപത്രിയിലും പണിയാം എന്ന നിലയിൽ ഒതുങ്ങി നിൽക്കും. ഇതെല്ലാം ഒറ്റയടിക്കല്ല കൊടുക്കാൻ പോകുന്നത്. ഇരുപത്തഞ്ചോ മുപ്പതോ മണ്ഡലങ്ങൾക്കായിട്ടായിരിക്കും പ്രത്യേക നിക്ഷേപ പദ്ധതിയിൽ പണം അനുവദിക്കുക. എല്ലാം തയ്യാറാവാൻ കാത്തുനിന്നാൽ ഈ പരിപാടികൾ നടക്കില്ല. രണ്ടാമത്തെ ഗഡു വരണമെന്നുണ്ടെങ്കിൽ ഓരോ അംഗവും അതിന്റെ മുൻകൈ എടുക്കേണ്ടതുണ്ട്. ഈ ബഡ്ജറ്റ് നടപ്പാക്കുന്നതിലേയ്ക്ക്, നമ്മൾ നീങ്ങുകയാണ്. ധനവിനിയോഗ ബിൽ, ഇതിൽ വകയിരുത്തിയിരിക്കുന്ന പണം ചെലവാക്കുന്നതിനുള്ള തീരുമാനമാണ്. ഇത് നടപ്പാക്കുന്നതിൽ എല്ലാവരുടെയും വലിയ സഹകരണവും മുൻകൈയും അഭ്യർത്ഥിക്കാൻ മാത്രമാണ് ഞാനിവിടെ ഉദ്ദേശിക്കുന്നത്.

എസ്.സി. ഫണ്ടിനെകുറിച്ച് പറഞ്ഞു. അതിൽ ഒരു കുറവും വരുത്തിയിട്ടില്ല. അങ്ങനെയൊരു തെറ്റിദ്ധാരണ ആർക്കും വേണ്ട. പ്ലാനിലോ അല്ലെങ്കിൽ ബഡ്ജറ്റിന്റെ അക്കൗണ്ടിലോ വകയിരുത്തിയിട്ടുള്ള ഒരു പൈസപോലും കുറച്ചിട്ടില്ല. അതവിടെയുണ്ട്. നിങ്ങളത് സമയമെടുത്ത് പരിശോധിച്ചോളൂ. അതാണ് അതിന്റെ യാഥാർത്ഥ്യം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പഞ്ഞമാസങ്ങളായ ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ കഴിഞ്ഞ ഗവൺമെന്റ് ഭക്ഷണ കിറ്റിന് കൊടുത്തത് 5 കോടി രൂപയാണ്. ഈ വർഷം 25 കോടി രൂപയാണ് കൊടുത്തിട്ടുള്ളത്. 1,07,000 കുടുംബങ്ങളാണുള്ളത്. 87,000 കുടുംബങ്ങളിൽ ഇപ്പോഴിത് എത്തിക്കഴിഞ്ഞു. ഞാൻ മറുപടി പറയാത്തത് വേറൊരു അവസരത്തിൽ മര്യാദയ്ക്ക് പറയാം എന്നുള്ളതുകൊണ്ടാണ്. എല്ലാ കാര്യത്തെ സംബന്ധിച്ചും എന്റെ കയ്യിൽ കണക്കുണ്ട്. അവരുടെ കാലഘട്ടത്തിലുള്ള എസ്.സി. ഡയറക്ടറും എസ്.ടി. ഡയറക്ടറും തന്നെയാണ് ഇപ്പോഴുമുള്ളത്. ഇനി വിവരാവകാശ കമ്മീഷൻ മുഖേനയാണ് ചോദിക്കുന്നതെങ്കിൽ അങ്ങനെ ചോദിക്കാം. പ്രതിപക്ഷ നേതാവിനെ വച്ചിട്ടാണ് അന്വേഷിക്കുന്നതെങ്കിൽ അങ്ങനെ അന്വേഷിക്കാം. ഇവിടെ ഗവൺമെന്റിന്റെ കയ്യിലുള്ള കണക്കെന്നുപറയുന്നത് ബഹുമാനപ്പെട്ട മന്ത്രി ഉണ്ടാക്കുന്ന കണക്കല്ല. അതാദ്യം മനസ്സിലാക്കുക. എസ്.സി./എസ്.ടി. ഫണ്ട്

കേരളത്തിൽ മാത്രമല്ല പുറത്തും വിനിയോഗിക്കുന്ന തിൽ വലിയ പോരായ്മകളുണ്ട്. ആ പോരായ്മകൾ മാറ്റുന്നതിനുവേണ്ടി മന്ത്രിതലത്തിലുള്ള ഇടപെടലുകൾ മാത്രമല്ല ബഡ്ജറ്റിൽ കൃത്യമായ നിർദ്ദേശവും വച്ചിട്ടുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഒറ്റപ്പെട്ട ഓരോ വീടുകളെയും ദാരിദ്ര്യ രേഖയ്ക്ക് മുകളിലാക്കുന്നതിനുവേണ്ടി ആശ്രയ പദ്ധതിയെപ്പോലെ ഒരു മൈക്രോപ്ലാൻ ഉണ്ടാക്കാം. എന്തുവേണമെങ്കിലും തീരുമാനിക്കാം. ഒരു തടസ്സവുമില്ല. ഈ കുടുംബങ്ങളെ രക്ഷപ്പെടുത്തുന്നതിന് അവർക്ക് വീടാണെങ്കിൽ വീടും ആർക്കെങ്കിലും സ്വയംതൊഴിലാണെങ്കിൽ തൊഴിലും അതല്ലെങ്കിൽ മാറാരോഗത്തിനുള്ള ചികിത്സയാണെങ്കിൽ അതിനുള്ള ചികിത്സാസഹായവും ഇതി ഇതൊന്നുമല്ല ആഴ്ചതോറും ഭക്ഷണം കൊടുക്കേണ്ടതാണെങ്കിൽ ഭക്ഷണവും നൽകുന്നതിനുമുള്ള പ്ലാൻ തയ്യാറാക്കിക്കോളൂ, ആരാണ് അതിന് ഇനിഷ്യേറ്റീവ് എടുക്കുന്നത്? നമ്മുടെ മണ്ഡലത്തിലെ വികസന കാര്യങ്ങൾ നമ്മൾ തീരുമാനിച്ചാൽ പണം പ്രതിബന്ധമല്ല. പദ്ധതികൾ ഉണ്ടാക്കിക്കൊള്ളൂ നമുക്ക് ചെയ്യാൻ കഴിയും. അതല്ലാതെ സെറ്റിൽമെന്റ് ബേസിലാണെങ്കിൽ, ഒരു സെറ്റിൽമെന്റിൽ അടിസ്ഥാന ഇൻഫ്രാസ്ട്രക്ച്ചർ എന്തെല്ലാം വേണമെന്നുള്ളത് സംബന്ധിച്ച് സെറ്റിൽമെന്റ് അടിസ്ഥാനത്തിൽ പ്ലാനുണ്ടാക്കിയാൽ അത് നൽകുമെന്നാണ് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. ഇങ്ങനെയുള്ള പോരായ്മകളുണ്ട് ഞാൻ അപ്പുറത്തുമിപ്പുറത്തുമിരിക്കുന്നവരെ കുറ്റം പറയുന്നതല്ല, നമുക്കൊരുമിച്ച് ..

ശ്രീ. കെ. സി. ജോസഫ് : സർ, അങ്ങ് സംസാരിക്കുമ്പോഴും അപ്പുറത്ത് സംസാരിക്കുമ്പോഴും പ്രത്യേക മാന്ദ്യവിരുദ്ധ പാക്കേജിനെപ്പറ്റി സംസാരിക്കുകയുണ്ടായി. ആ പാക്കേജിന്റെ എക്സ്പെൻഡിച്ചർ ഈ ബില്ലിൽ ഉൾക്കൊള്ളുന്നുണ്ടോ? അപ്രോപ്രിയേഷനിൽ ഉൾക്കൊള്ളുന്നുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഇല്ലല്ലോ. കൊച്ചി മെട്രോയുടെ നിർമ്മാണത്തിനുള്ള പണത്തെപ്പറ്റി നമ്മുടെ ബഡ്ജറ്റിൽ ചർച്ച ചെയ്യുന്നുണ്ടോ? കണ്ണൂർ വിമാനത്താവളത്തിന്റേത് ചർച്ച ചെയ്യുന്നുണ്ടോ? ഏറിവന്നാൽ അതിന് നമ്മൾ നൽകുന്ന ഒരു ചെറിയ ഗ്രാന്റ് ഉണ്ട്. അതല്ലേ വരുന്നുള്ളൂ. ഇതിപ്പോൾ നമ്മൾ ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണ്. ഇതൊരു നിർദ്ദിഷ്ട പ്രോജക്ടിനല്ല. ഇന്നിപ്പോൾ പ്രഖ്യാപിച്ച പോലെ കേരളത്തിലെ എല്ലാ സ്കൂളുകളും കോളേജുകളും ആശുപത്രികളുമെല്ലാം നന്നാക്കാൻ പറ്റുന്ന ഒരു സ്കീമായി ഇത് രൂപാന്തരപ്പെടുത്തിയിരിക്കുന്നെന്നേയുള്ളൂ. ഇതിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഉൾക്കൊള്ളിക്കാത്തതുകൊണ്ടാണ് നിങ്ങൾ പറഞ്ഞത് ഇത് പ്രത്യേക നിക്ഷേപ പദ്ധതിയിൽ വയ്ക്കരുത് നോർമൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന്. ഞാനിപ്പോൾ പറയാൻ ശ്രമിച്ചത് നോർമൽ ബഡ്ജറ്റാണെങ്കിൽ ഈ റെസ്ട്രിക്ഷൻ ഉണ്ടാകും. മറ്റേതാണെങ്കിൽ എപ്പോൾ പണം ചെലവഴിക്കുന്നോ എന്നുവച്ചാൽ ബില്ല് പാസ്സാകുന്നോ അപ്പോൾ കോൺട്രാക്ടറുടെ അക്കൗണ്ടിലേയ്ക്ക് ഓൺലൈനായി പണം പോകും. ഈ റെസ്ട്രിക്ഷനൊന്നും പ്രത്യേക നിക്ഷേപ പദ്ധതിക്ക് ബാധകമാകില്ല.

ഞാൻ സംസാരം നീട്ടുന്നില്ല. നമ്മൾ എല്ലാപേരും സഹകരിക്കുകയാണെങ്കിൽ ഒരു സംശയവും വേണ്ട, അഞ്ച് വർഷം കേരളത്തിൽ ഇതുപോലെ നിക്ഷേപം ഉറപ്പുവരുത്തുവാൻകഴിഞ്ഞാൽ എന്ത് വലിയ മാറ്റമായിരിക്കും നമ്മുടെ സംസ്ഥാനത്തിനുണ്ടാവുക. അതിനുവേണ്ടി ഒരുമിച്ച് പ്രവർത്തിണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് ( 2-ാം നമ്പർ)] ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**വകുപ്പുതിരിച്ചുള്ള പരിഗണന**

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ : 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചിരിക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക</u>

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>1-ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

മി. സ്പീക്കർ : 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വായന

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ) :സർ, പ്രമേയത്തെ പിൻതാങ്ങുന്നു

മി. സ്പീക്കർ : 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ

6. ശ്രീ. എ. എം. ആരിഫ്

7. പ്രൊഫ. കെ. യു. അരുണൻ

8. ശ്രീമതി സി. കെ. ആശ

9. ശ്രീ. കെ. ബാബു

10. ശ്രീ. എ. കെ. ബാലൻ

11. ശ്രീമതി ഇ. എസ്. ബിജിമോൾ

12. ശ്രീ. ഇ. ചന്ദ്രശേഖരൻ

13. ശ്രീ. കെ. ദാസൻ

14. ശ്രീ. ബി. ഡി. ദേവസ്സി

15. ശ്രീ. എൽദോ എബ്രഹാം

16. ശ്രീമതി ഗീതാ ഗോപി

17. ശ്രീ. ജോർജ് എം. തോമസ്

18. ശ്രീ. ചിറ്റയം ഗോപകുമാർ

19. ശ്രീ. സി. കെ. ഹരീന്ദ്രൻ

20. ശ്രീ. കെ. ടി. ജലീൽ

21. ശ്രീ. ജെയിംസ് മാത്യു

22. ശ്രീ. ജി. എസ്. ജയലാൽ

23. ശ്രീ. ഇ. പി. ജയരാജൻ

24. ശ്രീ. വി. ജോയി

25. ജോൺ ഫെർണാണ്ടസ്

26. ശ്രീ. ഒ. ആർ. കേളു

27. ശ്രീ. സി. കൃഷ്ണൻ

28. ശ്രീ. കെ. കൃഷ്ണൻകുട്ടി

29. ശ്രീ. കെ. കുഞ്ഞിരാമൻ

30. ശ്രീ. കോവൂർ കുഞ്ഞുമോൻ

31. ശ്രീ. വി. കെ. സി. മമ്മത് കോയ

32. ശ്രീ. എം. എം. മണി

33. ശ്രീ. മാത്യു ടി. തോമസ്

34. ശ്രീ. കെ. ജെ. മാക്സി

35. ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ

36. ശ്രീ. എ. സി. മൊയ്തീൻ

37. ശ്രീ. മുഹമ്മദ് മുഹാസിൻ

38. ശ്രീ. എം. മുകേഷ്

39. ശ്രീ. ഡി. കെ. മുരളി

40. ശ്രീ. മുരളി പെരുനെല്ലി

41. ശ്രീ. സി. കെ. നാണു

42. ശ്രീ. എം. നൗഷാദ്

43. ശ്രീ. യു. ആർ. പ്രദീപ്

44. ശ്രീ. എ. പ്രദീപ് കുമാർ

45. ശ്രീ. കെ. ഡി. പ്രസേനൻ

46. ശ്രീമതി യു. പ്രതിഭ ഹരി

47. ശ്രീ. പുരുഷൻ കടലുണ്ടി

48. ശ്രീ. പി. ടി. എ. റഹീം

49. ശ്രീ. എം. രാജഗോപാലൻ

50. ശ്രീ. കെ. രാജൻ:

51. ശ്രീ. എസ്. രാജേന്ദ്രൻ:

52. ശ്രീ. ആർ. രാജേഷ്:

53. ശ്രീ. റ്റി. വി. രാജേഷ്:

54. ശ്രീ. കെ. രാജു:

55. ശ്രീ. രാജു എബ്രഹാം

56. ശ്രീ. ആർ. രാമചന്ദ്രൻ

57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

58. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

59. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

60. ശ്രീ. മുല്ലക്കര രത്നാകരൻ

61. പ്രൊഫ. സി. രവീന്ദ്രനാഥ്

62. ശ്രീ. എസ്. ശർമ്മ

63. ശ്രീ. എ. കെ. ശശീന്ദ്രൻ

64. ശ്രീ. സി. കെ. ശശീന്ദ്രൻ

65. ശ്രീ. പി. കെ. ശശി

66. ശ്രീ. വി. ശശി

67. ശ്രീ. ഐ. ബി. സതീഷ്

68. ശ്രീ. ബി. സത്യൻ

69. ശ്രീ. എ. എൻ. ഷംസീർ

70. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

71. ശ്രീ. ജി. സുധാകരൻ

72. ശ്രീ. വി. ആർ. സുനിൽ കുമാർ

73. ശ്രീ. വി. എസ്. സുനിൽ കുമാർ

74. ശ്രീ. കെ. സുരേഷ് കുറുപ്പ്

75. ശ്രീ. എം. സ്വരാജ്

76. ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ

77. ശ്രീ. പി. തിലോത്തമൻ

78. ശ്രീ. തോമസ് ചാണ്ടി

79. ഡോ. ടി. എം. തോമസ് ഐസക്

80. ശ്രീമതി വീണാ ജോർജ്ജ്

81. ശ്രീ. കെ. വി. വിജയദാസ്

82. ശ്രീ. ഇ. കെ. വിജയൻ

83. ശ്രീ. പിണറായി വിജയൻ

84. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. പാറക്കൽ അബ്ദുള്ള

2. ശ്രീ. പി. കെ. അബ്ദു റബ്ബ്

3. ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ

4. ശ്രീ. പി. ബി. അബ്ദുൾ റസാഖ്

5. ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ

6. ശ്രീ. അടൂർ പ്രകാശ്

7. ശ്രീ. മഞ്ഞളാംകുഴി അലി

8. ശ്രീ. അനിൽ അക്കര

9. ശ്രീ. എ. പി. അനിൽ കുമാർ

10. ശ്രീ. അനൂപ് ജേക്കബ്

11. ശ്രീ. അൻവർ സാദത്ത്

12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

13. ശ്രീ. വി. റ്റി. ബൽറാം

14. ശ്രീ. പി. കെ. ബഷീർ

15. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

16. ശ്രീ. എൽദോസ് കുന്നപ്പിള്ളി

17. ശ്രീ. പി. സി. ജോർജ്

18. ശ്രീ. ഹൈബി ഈഡൻ

19. ശ്രീ. ടി. വി. ഇബ്രാഹിം

20. ഡോ. എൻ. ജയരാജ്

21. ശ്രീ. കെ. സി. ജോസഫ്

22. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

23. ശ്രീ. സി. മമ്മൂട്ടി

24. ശ്രീ. മോൻസ് ജോസഫ്

25. ഡോ. എം. കെ. മുനീർ

26. ശ്രീ. കെ. മുരളീധരൻ

27. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

28. ശ്രീ. ഉമ്മൻ ചാണ്ടി

29. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

30. ശ്രീ. രമേശ് ചെന്നിത്തല

31. ശ്രീ. റോജി എം. ജോൺ

32. ശ്രീ. കെ. എസ്. ശബരീനാഥൻ

33. ശ്രീ. വി. പി. സജീന്ദ്രൻ

34. ശ്രീ. എൻ. ഷംസുദ്ദീൻ

35. ശ്രീ. വി. ഡി. സതീശൻ

36. ശ്രീ. ഷാഫി പറമ്പിൽ

37. ശ്രീ. കെ. എം. ഷാജി

38. ശ്രീ. സണ്ണി ജോസഫ്

39. ശ്രീ. സി. എഫ്. തോമസ്

40. ശ്രീ. പി. ഉബൈദുള്ള

41. ശ്രീ. എം. ഉമ്മർ

42. ശ്രീ. എം. വിൻസെന്റ്

അനുകൂലിക്കുന്നവർ – 84

പ്രതികൂലിക്കുന്നവർ – 42

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ : പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്

(2016 ജൂലൈ മാസം 19-ാം തീയതി വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.17-ന് പിരിഞ്ഞു.)